
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കര സഭ

മാർച്ച് 2004



## മലങ്കര അസോസ്യേഷനും മെത്രാൻ തെരഞ്ഞെടുപ്പും

### കാഴ്ചപ്പാടുകൾ

ഫാ. റ്റി. ജെ. ജോഷ്വ

ഫാ. ഡോ. കെ. . എം. ജോർജ്

ഫാ. ഡോ. ജേക്കബ് കുര്യൻ

ഡോ. ജോസ് പാറക്കടവിൽ

ഡോ. അലക്സാണ്ടർ കാരയ്ക്കൽ

പ്രൊഫ. ഇ. ജെ. ജോൺ

കെ. വി. മാമ്മൻ

ഡോ. പുന്നൂസ് യു. പാണൂർ

സി. സി. ചെറിയാൻ

പി. സി. ചെറിയാൻ, മടുക്കാനി

മത്തായി മാമ്പള്ളിൽ


മെത്രാൻ തെരഞ്ഞെടുപ്പ്
പ. സുന്നഹദോസിന്റെ
മാർഗ്ഗ നിർദ്ദേശം



നാഗ്പൂർ സെമിനാരിയിൽ പുതുതായി പണിത ചാപ്പൽ

## II[nd] Death Anniversary
## 24.03.2004

*For Blessed Memory of*



## GEORGE C. MANALETHU

**MANALETHU PUTHENVEEDU**
**KUTTAPPUZHA P.O.; THIRUVALLA-3**

അകാലത്തിൽ പൊലിഞ്ഞുപോയ ഞങ്ങളുടെ എല്ലാമെല്ലാമായ ചാച്ചച്ചോ, സ്നേഹിച്ച് കൊതി തീരാത്ത ഓർമ്മകളും, തീരാത്ത ദുഃഖവുമായി മനോഹരമായ നിത്യതയുടെ തീരത്ത് നമുക്ക് ഒന്നിച്ചു കാണാമെന്നുള്ള പ്രത്യാശയോടെ...... നിറകണ്ണുകളോടെ......

ചാച്ചച്ചോയുടെ

ഭാര്യ : ലൗലി സി. ജോർജ്ജ്

മക്കൾ : അഭിലാഷ് സി. ജോർജ്ജ്
അനിഷ് എം. ജോർജ്ജ്


# മലങ്കരസഭ

ലക്കം 3, പുസ്തകം 60
മാർച്ച് 2004





### പത്രാധിപസമിതി

**പ്രസിഡന്റ്**
ഫീലിപ്പോസ് മാർ യൗസേബിയോസ്
Phone: (Off)0468- 2222243, (Res)2325942

**വൈസ് പ്രസിഡന്റ്**
ഡോ. യൂഹാനോൻ മാർ മിലിത്തോസ്
ഫോൺ: 0487 - 2371039, 2371748 (Fax)

**ചീഫ് എഡിറ്റർ**
ഫാ.ഡോ. ജോൺ പണിക്കർ
ഫോൺ: 0481 - 2568083, 2566526

**അംഗങ്ങൾ**
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ.ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഡോ. അലക്സാണ്ടർ കാരയ്ക്കൽ
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

**മാനേജിംഗ് എഡിറ്റർ**
ഫാ.റ്റി.എ. ഇടയാടി
ഫോൺ: 04682 - 279348 (Res.)
Mob:-9447300908

**ഓഫീസ് മാനേജർ**
ഫാ. അലക്സി മാത്യൂസ്
ഫോൺ: 0481 - 2471910 (Res.)


### വരിസംഖ്യ

**2002 സെപ്റ്റംബർ മുതൽ**

| | | |
|---|---|---|
| **ഇന്ത്യയിൽ** | | |
| ഒറ്റ പ്രതി | : | 7 രൂപ |
| ഒരു വർഷം | : | 75 രൂപ |
| 4 വർഷം | : | 300 രൂപ |
| 10 വർഷം | : | 750 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 600 രൂപ |


*Cover Design & Type Setting:-*
M.S. Graphics, Devalokam.


CONTENTS

# ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**

4 ക്രൈസ്തവ സഭകൾ വിഷക്കനി കായ്ക്കുന്ന വൃക്ഷങ്ങളാകരുത് - ഫാ. ഡോ. ജോൺ പണിക്കർ

5 **മഹാപുരോഹിത സന്ദേശം**

6 പ. വട്ടശ്ശേരിൽ തിരുമേനി- മലങ്കര സഭയുടെ ....... - അഡ്വ. സജി കൊടുവത്ത്

**മലങ്കര അസോസ്യേഷനും മെത്രാൻ തെരഞ്ഞെടുപ്പും**

**കാഴ്ചപ്പാടുകൾ**

8 വ്യവസ്ഥാപിതവും നിയന്ത്രിതവുമാകണം - ഫാ. റ്റി. ജെ. ജോഷ്വ

10 ദൈവഹിതം, ജനായത്തപരം, ഐകകണ്ഠ്യേന: ഒരു നിർദ്ദേശം - ഫാ. ഡോ. ജേക്കബ് കുര്യൻ

12 സ്ഥാനാർത്ഥികളുടെ യോഗ്യതകൾ- വി. വേദപുസ്തക..... - മത്തായി മാമ്പള്ളിൽ

13 വചനാനുസൃതം തെരഞ്ഞെടുക്കണം - ഡോ. ജോസ് പാറക്കടവിൽ

14 ദൈവേഷ്ടം തിരിച്ചറിയണം - ഫാ. ഡോ. കെ. എം. ജോർജ്ജ്

17 QUALITIES FOR SPIRITUAL LEADERSHIP - Prof. E. J. John

20 വിദ്യാഭ്യാസം, സ്നേഹം,.... നല്ല സാക്ഷ്യം പ്രാപിച്ചവർ - ഡോ. പുന്നൂസ് യു. പാനൂർ

20 പ്രതിബദ്ധത, അവഗാഹം- അനിവാര്യം - ഡോ. അലക്സാണ്ടർ കാരയ്ക്കൽ

21 സഭയെ ശക്തരാക്കുന്നവരാകണം - കെ. വി. മാമ്മൻ

22 ആശങ്കയും അഭിലാഷവും - സി. സി. ചെറിയാൻ

24 ആരോഗ്യകരമായ മത്സരം തെറ്റില്ല - പി. സി. ചെറിയാൻ, മടുക്കാനി



**ദേവലോകം, കോട്ടയം – 686 038. ഫോൺ: 0481 – 2573234**
**e-mail: malankara@sancharnet.in**

എഡിറ്റോറിയൽ

# ക്രൈസ്തവ സഭകൾ വിഷക്കനി കായ്ക്കുന്ന വൃക്ഷങ്ങളാകരുത്

ഈ അടുത്ത നാളുകളിൽ ചില ക്രൈസ്തവ പത്രങ്ങളും മാസികകളും മറ്റു സഭകളെ അധിഃക്ഷേപിക്കുകയും പരസ്പരം ചെളിവാരിയെറിയുകയും ചെയ്തുകൊണ്ട് പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ ദൈവഭക്തരായ വിശ്വാസികൾക്ക് ദുഃഖമുളവാക്കുന്നവയാണ്. സഭ്യതയുടെ അതിരുകൾ ലംഘിച്ചുകൊണ്ടുള്ള ഇത്തരം ലേഖനങ്ങൾ സഭകളുടെ ഔദ്യോഗിക മാസികകളിൽ പ്രസിദ്ധീകരിച്ചുവരുമ്പോൾ അവയെല്ലാം സഭയുടെ ഭാഷ്യമായി വായനക്കാർ മനസ്സിലാക്കുന്നു. ഇത് ഏകപക്ഷീയമായ വീക്ഷണവും സാധ്യതകളുടെ നേർക്ക് ബുദ്ധി അന്ധമായി പോകുന്ന അനുഭവവുമാണ്. വിഷക്കനികൾ കായ്ക്കുന്ന വൃക്ഷങ്ങളായി ക്രൈസ്തവസഭകൾ പരിണമിച്ചിരിക്കുന്നു എന്ന കഠിനഭയം വിശ്വാസികളിൽ ഉളവാക്കുവാൻ ക്രൈസ്തവ മാധ്യമങ്ങൾ തന്നെ ശ്രമിച്ചാൽ പരിണിത ഫലം എന്തായിരിക്കും?

മലങ്കര ഓർത്തഡോക്സ് സഭയുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങളെപ്പറ്റിയും ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയും കാലാകാലങ്ങളിൽ സഭ പല മാർഗ്ഗത്തിലൂടെ വിശ്വാസികളുടെയും മറ്റുള്ളവരുടെയും മുമ്പാകെ വെളിപ്പെടുത്തിയിട്ടുണ്ട്. അവ ഒന്നുപോലും മനസിലാക്കാൻ ശ്രമിക്കാതെ വീണ്ടും പഴകിയ വാദങ്ങൾ ഉന്നയിച്ച് വിശ്വാസികളുടെ ഇടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കുവാൻ ചില മാധ്യമങ്ങൾ ശ്രമിക്കുന്നതു സഭകൾ തമ്മിലുള്ള അകലം വർദ്ധിക്കാനേ ഉതകുകയുള്ളു.

സമ്പൂർണ്ണ സഭൈക്യം എന്നത് വി. കുർബ്ബാനയിലുള്ള ഐക്യമാണ്. അതിനുവേണ്ടി ലോകത്തിലുള്ള മുഴുവൻ സഭകളും ഒരു പ്രത്യേകസ്ഥലത്തെ മെത്രാന്റെ കീഴിൽ അണിനിരക്കണമെന്ന സഭാവിജ്ഞാനീയം ഓർത്തഡോക്സ് സഭയ്ക്കന്യമാണ്. വി. വേദപുസ്തകത്തിനും ജീവനുള്ള പാരമ്പര്യത്തിനും എതിരുനിൽക്കുന്ന വിശ്വാസപ്രമാണങ്ങൾ ഓർത്തഡോക്സ് സഭയിലുണ്ടെന്ന്, വി. വേദപുസ്തകവും അവിഭജിത സഭയിലെ പിതാക്കൻമാരുടെ എഴുത്തുകളും അടിസ്ഥാനപ്പെടുത്തി സംവാദത്തിനു തയ്യാറുള്ളവർ മുന്നോട്ട് വന്നാൽ പരിഗണിക്കാവുന്നതാണ്. അങ്ങനെയല്ലെങ്കിൽ ഓർത്തഡോക്സ് സഭ, അടിസ്ഥാന തത്വങ്ങൾക്ക് വിധേയമായി നിന്നുകൊണ്ട്, മറ്റു സഭകളുടെ പരിഗണനയ്ക്കു സമർപ്പിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യാൻ അവർ തയ്യാറാകണം. ചർച്ചകളിലൂടെ വി. കുർബ്ബാന ഐക്യത്തിനുള്ള സാധ്യത ഉണ്ടാകുന്നതുവരെ പരസ്പര ബഹുമാനത്തോടെ സമൂഹനന്മയ്ക്കുവേണ്ടി സഹകരിച്ചു പ്രവർത്തിക്കുക എന്ന ക്രൈസ്തവ ഐക്യത്തിനാണ് ഊന്നൽ കൊടുക്കേണ്ടത്.

ഓർത്തഡോക്സ് സഭയുടെ ഇന്നത്തെ അവസ്ഥയിൽ “വേദന” അനുഭവിക്കുന്ന “മലങ്കര കത്തോലിക്കാ സമൂഹം”, ഐക്യദീപം മാസികയിലൂടെ ഉയർത്തിക്കൊണ്ടിരിക്കുന്ന വിവാദ പ്രസ്താവനകളിൽ മുഖ്യമായ രണ്ടു വെല്ലുവിളികൾ സഭയുടെ പ്രത്യേക പരിഗണനക്കു വേണ്ടി കുറിക്കട്ടെ:-

i) മലങ്കര കത്തോലിക്കാ സഭ സുവിശേഷ വൽക്കരണത്തിൽ നേടിയ നേട്ടം ഓർത്തഡോക്സ് സഭയ്ക്കു സ്വപ്നം കാണാൻ കഴിയുന്നതല്ല. ആതുര ശുശ്രൂഷയിൽ, വിഖ്യാത കലാലയങ്ങളിൽ, സാമൂഹ്യ സേവനത്തിൽ, പ്രേഷിത ചൈതന്യത്തിൽ, മലങ്കര കത്തോലിക്കാ സഭയെ വെല്ലുവാൻ ഓർത്തഡോക്സ് സഭ ശക്തമാണോ?

ii) പൂട്ടിക്കിടന്ന് ചിതലരിക്കുന്ന പരിശുദ്ധ മദ്ബഹാകൾ, വികൃതമാക്കപ്പെടുന്ന മൃതസംസ്ക്കാരങ്ങൾ, അപഹസിക്കപ്പെടുന്ന മേലദ്ധ്യക്ഷന്മാർ, പോരിന് മൂർച്ചകൂട്ടുന്ന മേൽപ്പട്ടാഭിഷേകങ്ങൾ, സെക്റ്റുകളിലേക്കുള്ള അജപ്രവാഹം.... കാൽചുവട്ടിലെ മണ്ണൊഴുകുന്നതു ഓർത്തഡോക്സ് സഭ അറിയുന്നില്ല

ഈ പ്രസ്താവനകളിലെ സത്യ-അസത്യങ്ങളും പ്രസ്താവകരുടെ അപക്വമായ നിരീക്ഷണങ്ങളും ആത്മശോധനയ്ക്കു വിടുന്നു. മന്തുകാലുള്ളവൻ തന്റെ വലിയ മന്തുകാൽ മണലിൽ പൂഴ്ത്തിയ ശേഷം വഴിപോക്കരെ നോക്കി മന്തുകാലൻ എന്ന് ആക്രോശിക്കുന്ന പ്രതീതി ഇവയിൽ നിശ്ചയമായും നിഴലിക്കുന്നുണ്ട്. എങ്കിലും തിരുത്തേണ്ടവ തിരുത്തി, അടിസ്താന തത്വങ്ങളിൽ ഉറച്ചു നിന്നുകൊണ്ട്, ശക്തമായി മുന്നേറുവാൻ ഈ വെല്ലുവിളികൾ ഓർത്തഡോക്സ് സഭയെ സഹായിക്കട്ടെ.

- ജോൺ പണിക്കരച്ചൻ



# മഹാപുരോഹിത സന്ദേശം



വാത്സല്യമക്കളേ,

നമ്മുടെ രക്ഷകന്റെ മഹത്വമേറിയ ഉയിർപ്പു പെരുന്നാളിനെ വരവേൽക്കാനുള്ള ഒരുക്കത്തിന്റെ ഭാഗമായ വലിയ നോമ്പിന്റെ വിലയേറിയ അവസരമാണിത്. അന്യോന്യം ക്ഷമിച്ചും അനുരഞ്ജനപ്പെട്ടും ഐക്യത്തിന്റെ ആത്മാവിൽ, അന്ധകാര ശക്തികളോടുള്ള ആത്മീകായോധനത്തിലൂടെയാണ് നാം മുന്നോട്ട് നീങ്ങുന്നത്. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ടും സാത്താനോടു യുദ്ധം ചെയ്യുവാനുള്ള പ്രധാന ആയുധമായ നോമ്പിനെ പിടിച്ചുകൊണ്ടും മുന്നേറുമ്പോൾ വിജയ കിരീടം പ്രാപിക്കുവാൻ നമുക്കു സാധ്യമാകും എന്നതിൽ യാതൊരു സംശയവും വേണ്ട.

ആത്മീയതയുടെ നെടുംതൂണുകളായി സഭ കരുതിയിട്ടുള്ള മൂന്നു കാര്യങ്ങളാണ് പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവ. ദൈവത്തോടും, നമ്മോടു തന്നെയും, മറ്റുള്ളവരോടുമുള്ള നമ്മുടെ ബന്ധങ്ങളെ ഭദ്രമാക്കുവൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ മൂന്ന് അനുഷ്ഠാനങ്ങളും പാലിക്കുവാൻ നമുക്കു സാദ്ധ്യമാകണം. പ്രാർത്ഥന, ദൈവത്തോടുള്ള നമ്മുടെ ബന്ധം സുദൃഢമാക്കുന്നു. നമ്മുടെ പ്രാർത്ഥന വെറും അധര ജൽപ്പനമായി തീർന്നു പോകാതെ സ്വർഗ്ഗീയ പിതാവിനോട് ഹൃദയംഗമമായി നടത്തുന്ന സംസർഗമായി തീരണം. വ്യക്തിപരമായും സമൂഹപരമായും നടത്തുന്ന നമ്മുടെ ആരാധന കൂടുതൽ അനുഭവവേദ്യമാക്കുവാൻ ഈ നോമ്പ് ഉപയുക്തമാകണം.

ഉപവാസം ജഡീകമായ ഇച്ഛകളെ നിയന്ത്രിച്ച് കീഴ്പ്പെടുത്തുവാൻ നമ്മെ സഹായിക്കുന്നു. “ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്” (1 കൊരി. 9:27) എന്നു പ. പൗലോസ് ശ്ലീഹാ സാക്ഷിക്കുന്നു. ഭക്ഷണക്കാര്യത്തിലുള്ള നിയന്ത്രണവും വർജ്ജനവും ആത്മീയശക്തി വർദ്ധിപ്പിക്കുമെന്നു മാത്രമല്ല, ശാരീരികമായ പല രോഗങ്ങളെയും ഒഴിവാക്കുകയും ചെയ്യുന്നു. ദാനധർമ്മം മറ്റുള്ളവരോടുള്ള നമ്മുടെ ബന്ധത്തെ മെച്ചപ്പെടുത്തുന്നതും ശക്തിപ്പെടുത്തുന്നതുമാണ്. വിശപ്പുള്ളവന് അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞു നടക്കുന്ന സാധുക്കളെ വീട്ടിൽ ചേർത്തു കൊള്ളുന്നതും നഗ്നനെ കണ്ടാൽ ഉടുപ്പിക്കുന്നതുമാണ് യഥാർത്ഥ നോമ്പെന്ന് യെശയ്യാ പ്രവാചകൻ വിവക്ഷിക്കുന്നുണ്ട്. നമുക്കുള്ളതിൽ നിന്നു ദശാംശം നൽകുക എന്നതു നാം പരിശീലിക്കേണ്ട സുകൃതമാണ്.

മോശയും ഏലിയാവും നമ്മുടെ കർത്താവും ആചരിച്ച ശ്രേഷ്ഠമായ നോമ്പ് ഉത്സാഹത്തോടും തീക്ഷ്ണതയോടും അനുഷ്ഠിക്കുവാൻ നമുക്കു സാദ്ധ്യമാകണം. സാമൂഹിക ജീവിതത്തിലെ മൂല്യച്യുതി, കുടുംബത്തകർച്ച, വർദ്ധിച്ചുവരുന്ന അക്രമാസക്തി, ഭൗതികത്വത്തിന്റെ അതിപ്രസരം, ഇങ്ങനെയുള്ള തിന്മകളെ നേരിടുവാൻ നോമ്പും ഉപവാസവും അത്ഭുതകരമായി നമ്മെ സഹായിക്കും.

ഈ മാസം 28-നു ഞായറാഴ്ച (വലിയ നോമ്പിലെ 36-ാം ഞായർ) നാം കാതോലിക്കാദിനമായി കൊണ്ടാടുന്ന ദിവസമാണല്ലോ! അന്നേ ദിവസം നിങ്ങളേവരും സഭയ്ക്കു വേണ്ടിയും വിശ്വാസികളായ ഏവർക്കു വേണ്ടിയും സഭയിലെ പുരോഹിതന്മാർക്കു വേണ്ടിയും മേൽപ്പട്ടക്കാർക്കു വേണ്ടിയും ബലഹീനനായ നമുക്കുവേണ്ടിയും സർവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിക്കണം. ഈ വർഷത്തെ കാതോലിക്കാദിനപ്പിരിവു പൂർവ്വാധികം ഭംഗിയായി നടത്തി സഭയുടെ പുരോഗമന പ്രവർത്തനങ്ങളെ നിങ്ങളേവരും സഹായിക്കണം.

ഈ നോമ്പു കാലം അനുഗ്രഹത്തിന്റെയും ആത്മീയ ശക്തീകരണത്തിന്റെയും അവസരമാക്കിത്തീർക്കാൻ നമുക്ക് ഉത്സാഹിക്കാം. ഉയിർപ്പിന്റെ വലിയ സന്തോഷവും വിജയവും നമ്മുടെ അനുഭവമാക്കിത്തീർക്കാൻ സർവ്വശക്തൻ ഏവരെയും സഹായിക്കട്ടെ!

## പ്രത്യേക ശ്രദ്ധക്ക്

മാസികയുടെ ഈ ലക്കത്തിൽ, സഭയുടെ വരാൻ പോകുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മെത്രാൻ തെരഞ്ഞെടുപ്പ് എന്നിവ സംബന്ധിച്ചു ചില പ്രമുഖ വ്യക്തികളുടെ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. മേൽപ്പട്ടക്കാരുടെയും പട്ടക്കാരുടെയും വിശ്വാസികളുടെയും പ്രാതിനിധ്യമുള്ള സഭാ സുന്നഹദോസായ മലങ്കര അസോസിയേഷൻ സഭയുടെ ആത്മീക സംഗമമാകയാൽ വളരെ പ്രാധാന്യം അർഹിക്കുന്നു. വിസ്താരഭയത്താൽ പ്രസിദ്ധീകരണത്തിനു വേണ്ടി ലഭിച്ചിരിക്കുന്ന മറ്റു പല ലേഖനങ്ങളും ഈ ലക്കത്തിൽ പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടില്ല. സദയം ക്ഷമിക്കുമല്ലോ! - പത്രാധിപർ

ലേഖനം

**അഡ്വ. സജി കൊടുവത്ത്**

# പ. വട്ടശ്ശേരിൽ തിരുമേനി - മലങ്കരസഭയുടെ ഭാസുര തേജസ്വി

**തുടർച്ച -II.......**

മലങ്കരസഭയിലെ പള്ളികളിൽ നിന്ന് മാർ അബ്ദള്ളാ അഗ്രഹിച്ച പോലെ ഉടമ്പടികൾ ലഭിച്ചില്ല. മലങ്കര സഭയിൽ ലൗകികാധികാരം ഉറപ്പിക്കുവാൻ പിന്നീട് രണ്ടു മാർഗ്ഗങ്ങളാണ് അദ്ദേഹം അവലംബിച്ചത്. ഒന്ന്, പള്ളികളിൽ നിന്ന് പണവും സ്വർണ്ണപ്പണ്ടങ്ങളും ശേഖരിക്കുക. രണ്ട്, മലങ്കരയിൽ പാത്രിയർക്കീസിന് ലൗകികാധികാരമുണ്ടെന്ന് സമ്മതിപ്പിച്ച് മെത്രാന്മാരിൽ നിന്ന് രജിസ്റ്റർ ചെയ്ത ഉടമ്പടികൾ വാങ്ങുക.

ഈ സഭയിലും സ്വത്തുക്കളിലും ആത്മീയവും ലൗകീകവുമായ സർവ്വ അധികാരവും പാത്രിയർക്കീസിനാണെന്നു കാണിക്കുന്ന ഉടമ്പടികൾ പാത്രിയർക്കീസ് പക്ഷത്തുനിന്ന മൂന്നു മെത്രാന്മാരിൽ നിന്നും മാർ അബ്ദള്ളാ വാങ്ങി. വട്ടശ്ശേരിൽ തിരുമേനിയും അദ്ദേഹത്തോടൊപ്പം നിന്ന മെത്രാന്മാരും ഉടമ്പടി നൽകാൻ തയാറായില്ല.

ഉടമ്പടി നൽകാത്തപക്ഷം മാർ ദീവന്നാസിയോസിനെ 'മുടക്കി'കളയുമെന്ന് അബ്ദള്ളാ പാത്രിയർക്കീസ് ഇടക്കിടെ ഭീഷണി മുഴക്കി. പാത്രിയർക്കീസിന്റെ ലൗകികാധികാരങ്ങൾക്ക് കീഴ്പ്പെടുന്ന ഉടമ്പടി മലങ്കര മെത്രാപ്പോലീത്താ എഴുതി നൽകുന്നത് സഭയെ ഒറ്റിക്കൊടുക്കുന്നതിനു തുല്യമാണെന്ന് വട്ടശ്ശേരിൽ തിരുമേനി ചിന്തിച്ചു.

തന്റെ സ്ഥാനത്യാഗം മലങ്കരയിൽ സമാധാനം കൈവരുത്തുമെങ്കിൽ അതിനു തയ്യാറാണെന്ന് വട്ടശ്ശേരിൽ തിരുമേനി പാത്രിയർക്കീസിനെ നേരിൽ അറിയിച്ചു. മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിരുന്നുകൊണ്ട് പാത്രിയർക്കീസ് ആവശ്യപ്പെട്ട ഉടമ്പടി നൽകുവാൻ അദ്ദേഹത്തിന്റെ മനസ്സാക്ഷി അനുവദിച്ചില്ല. നിർവ്വികാരതയിലൂന്നിയ ദൃഢമൗനമായിരുന്നു പാത്രിയർക്കീസന്റെ പ്രതികരണം.

> **തിരുമേനിയുടെ സംരക്ഷണത്തിന് ഏതാനും ആളുകൾ നിയോഗിക്കപ്പെട്ടു. അവരിൽ ആനപ്പാപ്പി എന്ന പാപ്പി ആശാനെ ഉന്നതന്മാരുടെ വാടക ഗുണ്ടകൾ കൊലപ്പെടുത്തി. ഇതു സംബന്ധിച്ച കേസിൽ 1 -ാം പ്രതിയായിരുന്ന കമാലുദീൻ വട്ടശ്ശേരിൽ തിരുമേനിയെ വധിക്കുവാൻ മൂന്നു തവണ ശ്രമിച്ചിരുന്നു. മൂന്നു തവണയും തിരുമേനി താമസിച്ച മുറിയുടെ ഭിത്തിയിൽ കമാലുദീൻ ചാരിയ ഗോവണി വഴുതി അയാൾ താഴെ വീണു.**

### കൊടുങ്കാറ്റിലെ പുരോഗാമി

മാർ അബ്ദുള്ളായുടെ ലൗകികാധികാര തല്പരതയ്ക്കെതിരേ മലങ്കരയിലെ അത്മായ നേതൃത്വവും ഉണർന്നു. മലങ്കരസഭയെ മൂലച്ഛേദം ചെയ്യുവാൻ പോന്ന കൊടുങ്കാറ്റിൽ സഭാസ്നേഹികളെ ഒറ്റക്കെട്ടായി നിർത്തുവാൻ വട്ടശ്ശേരിൽ തിരുമേനിക്ക് കഴിഞ്ഞത് അത്മായ നേതൃത്വത്തിന്റെ അചഞ്ചലമായ പിന്തുണകൊണ്ടാണ്. മനോരമ പത്രാധിപർ കെ. സി. മാമ്മൻ മാപ്പിളയും ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ വക്കീലും കൊച്ചി പോലീസ് സൂപ്രണ്ട് എം. എ. ചാക്കോയുമായിരുന്നു ഇവരിൽ പ്രമുഖർ. ഇ. ജെ. ഫിലിപ്പോസ്, റാവു സാഹിബ, ഒ. എം. ചെറിയാൻ, എ. എം. വർക്കി, എം. പി. വർക്കി, പാറേട്ട് ഫീലിപ്പോസ് ജഡ്ജി തുടങ്ങിയ അതികായന്മാരും വട്ടശ്ശേരിൽ തിരുമേനിയുടെ അപ്രതിരോദ്ധ്യ കോട്ടയിലെ നെടുന്തൂണുകളായിരുന്നു.

### ഇ. ജെ. ജോണിന്റെ തുറന്ന കത്ത്

പാത്രിയർക്കീസ് മലങ്കരയിൽ അഴിച്ചുവിട്ട കൊടുങ്കാറ്റ് അതിന്റെ ഉഗ്രരൂപത്തിൽ താണ്ഡവമാടിയ സമയം ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ ഒരു 'തുറന്ന കത്ത്' പാത്രിയർക്കീസിനയച്ചു. സഭാംഗങ്ങളിൽ വസ്തുതകളെത്തിക്കയും 'മുടക്ക്' നടപടികളിൽനിന്ന് പാത്രിയർക്കീസിനെ പിന്തിരിപ്പിക്കുകയുമായിരുന്നു ജോണിന്റെ ലക്ഷ്യങ്ങൾ.

ഒന്നാമത്തെ ലക്ഷ്യം ജോൺ പൂർണ്ണമായി കൈവരിച്ചു. അഭൗമികനെന്ന മാർ അബ്ദള്ളായുടെ പൊയ്മുഖം ജോൺ ഉരിച്ചു. പാത്രിയർക്കീസിനെ ദിവ്യനാക്കി കൊണ്ടു നടന്നവരുടെ ദുരുദ്ദേശ്യം തുറന്നു കാട്ടി. (ഇലഞ്ഞിക്കൽ ജോൺ വക്കീൽ: മങ്കോട്ടയിലെ മഹർഷി - കാണുക)

### മുടക്ക് പൈശാചികം

ഇ. ജെ. ജോൺ പാണമ്പടിപ്പള്ളിയിലെത്തി പാത്രിയർക്കീസുമായി സംസാരിച്ചു. മുടക്ക് ആത്മീയമോ ലൗകികമോ എന്ന് മാർ അബ്ദള്ളാ ചോദിച്ചു. ജോൺ വക്കീലിന്റെ മറുപടി ഇതായിരുന്നു.

"അവിടുന്ന് ഉദ്ദേശിച്ച മുടക്ക് ലൗകികവും ആത്മീയവുമല്ല; വെറും പൈശാചികമാണ്."



### ഇടിത്തീ

മലങ്കര മെത്രാപ്പോലീത്തായെ മുടക്കിയാൽ ട്രസ്റ്റ് വസ്തുക്കളുടെ പൂർണ്ണ അധികാരം വൈദിക-അത്മായ ട്രസ്റ്റിമാർക്കു ലഭിക്കുമെന്ന് മാർ അബ്ദള്ളായും കോനാട്ട് മല്പാനും (വൈദിക ട്രസ്റ്റി) സി. ജെ. കുര്യനും (അത്മായ ട്രസ്റ്റി) കണക്കുകൂട്ടി. ഇതിനകം പോലീസ് നടപടി ആരംഭിച്ചുകഴിഞ്ഞ 'സെമിനാരി'ക്കേസിൽ 'മുടക്ക്' വൈദിക-അത്മായ ട്രസ്റ്റിമാർക്ക് അനുകൂല ഘടകമാകുമെന്ന് ഇവർ ചിന്തിച്ചു. വഴിപിഴച്ച ഈ വിചിന്തനമാണ് മുടക്ക് എന്ന ഇടിത്തീ വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിന്റെ മേലും അതുവഴി മലങ്കരയാകെയും നിപതിക്കുവാൻ ഇടയാക്കിയത്.

### മുടക്ക് തപാലിൽ

"ഈ സന്ദേശം കിട്ടുന്ന നാഴിക മുതൽ മേല്പട്ടക്കാരനോ കത്തനാരോ ആയിരിപ്പാനും ആ സ്ഥാനങ്ങൾക്കടുത്ത യാതൊരു പ്രവൃത്തിയും ചെയ്യുവാനും നിങ്ങൾക്ക് അധികാരവും അവകാശവുമില്ല". 1911 ഇടവം 26-ലെ കത്തിൽ മാർ അബ്ദള്ളാ രേഖപ്പെടുത്തി. പഴയ സെമിനാരിയിൽ മാർ അബ്ദള്ളാ താമസിച്ച അതേ എടുപ്പിൽതന്നെയാണ് വട്ടശ്ശേരിൽ തിരുമേനിയും താമസിച്ചിരുന്നത്. ഇരുവരും ഒന്നിച്ചു ഭക്ഷിക്കുകയും നമസ്കാരങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. എന്നിട്ടും മുടക്കു കത്ത് തപാൽ മാർഗ്ഗമാണ് മാർ അബ്ദള്ളാ, തിരുമേനിക്ക് അയച്ചുകൊടുത്തത്.

ഇടവം 29 ഞായറാഴ്ച പഴയസെമിനാരിയിൽ മുടക്കു കല്പന വായിക്കുമെന്ന് സി. ജെ. കുര്യനും കൂട്ടരും പറഞ്ഞു പരത്തി. എന്നാൽ വട്ടശ്ശേരിൽ തിരുമേനിയെ അനുകൂലിക്കുന്നവർ പഴയസെമിനാരിയാകെ നിറഞ്ഞു. മാർ അബ്ദള്ളാ അന്നു കല്പന പുറത്തെടുത്തില്ല.

### അബ്ദൽ മിശിഹായുടെ സന്ദേശം

മാർ അബ്ദള്ളാ, വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിനെ മുടക്കി എന്ന വിവരം ഫാ. പി. റ്റി. ഗീവറുഗീസ് (മാർ ഈവാനിയോസ്) അബ്ദൽ മിശിഹാ പാത്രിയർക്കീസിനെ കമ്പി സന്ദേശം മൂലം അറിയിച്ചു. മാർ അബ്ദൽ മിശിഹായുടെ മറുപടിക്കമ്പി താമസംവിനാ മലങ്കരയ്ക്കു ലഭിച്ചു. അതിൽ രേഖപ്പെടുത്തി:

"ദീവന്നാസിയോസും കൂടെയുള്ളവരും അനുഗൃഹീതരാകുന്നു

അബ്ദള്ളായുടെ മുടക്ക് വ്യർത്ഥം"

മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ആയിരം സൂര്യന്മാരുടെ തേജസ്സായിരുന്നു മാർ അബ്ദൽ മിശിഹായുടെ സന്ദേശത്തിന്.

മലങ്കര സഭയ്ക്ക് കാതോലിക്കായെ വാഴിച്ചു നൽകുവാൻ മാർ അബ്ദുൽ മിശിഹാ തയാറായി. യാത്രച്ചിലവിനായി 120 പവൻ മലങ്കരസഭ അദ്ദേഹത്തിന് അയച്ചു കൊടുത്തു.

### പഴയ സെമിനാരി സ്ഫോടനാവസ്ഥയിൽ

'സമരി'ക്കേസോടെ പഴയസെമിനാരിയിൽ കൊലവിളി ഉയർന്നു. വട്ടശ്ശേരിൽ തിരുമേനിയെ വകവരുത്തുന്നതിന് ചില 'ഉന്നതർ' തക്കം പാർത്തു. തിരുമേനിയുടെ സംരക്ഷണത്തിന് ഏതാനും ആളുകൾ നിയോഗിക്കപ്പെട്ടു. അവരിൽ ആനപ്പാപ്പി എന്ന പാപ്പി ആശാനെ ഉന്നതന്മാരുടെ വാടക ഗുണ്ടകൾ കൊലപ്പെടുത്തി. ഇതു സംബന്ധിച്ച കേസിൽ 1-ാം പ്രതിയായിരുന്ന കമാലുദീൻ വട്ടശ്ശേരിൽ തിരുമേനിയെ വധിക്കുവാൻ മൂന്നു തവണ ശ്രമിച്ചിരുന്നു. മൂന്നു തവണയും തിരുമേനി താമസിച്ച മുറിയുടെ ഭിത്തിയിൽ കമാലുദീൻ ചാരിയ ഗോവണി വഴുതി അയാൾ താഴെ വീണു.

### അബ്ദേദ് മിശിഹാ എത്തുന്നു

1911 ഒക്ടോബർ 14-ന് മാർ അബ്ദുള്ളാ മലങ്കരയിൽ നിന്നും സ്വദേശത്തേക്ക് മടങ്ങി. മാർ അബ്ദൽ മിശിഹാ മലങ്കരയിലേക്ക് പുറപ്പെടാൻ ഒരുക്കങ്ങൾ നടന്നതായി മാർ അബ്ദള്ളാ മനസ്സിലാക്കി. മാർ അബ്ദൽ മിശിഹായെ അയയ്ക്കാതിരിക്കുന്നതിനു വേണ്ടി മാർ അബ്ദള്ളാ ശ്രമിച്ചു. എന്നാൽ ഇതു വിജയിച്ചില്ല. കറാച്ചിയിൽ കപ്പലിറങ്ങി. മാർ അബ്ദൽ മിശിഹാ തീവണ്ടി മാർഗ്ഗം ബോംബെയിലെത്തി ഫാ. പി. റ്റി. ഗീവർഗീസും (മാർ ഈവാനിയോസ്) എൻ. ഐ. പോത്തനും കൂടി ബോംബെയിൽ എത്തി അദ്ദേഹത്തെ മലങ്കരയിലേക്ക് ആനയിച്ചു.

### കാതോലിക്കാ വാഴ്ച

1912 ആഗസ്റ്റ് 29-ന് വട്ടശ്ശേരിൽ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പരുമലയിൽ ചേർന്ന മാനേജിംഗ് കമ്മറ്റി കണ്ടനാട് ഇടവകയുടെ മാർ ഈവാനിയോസിനെ കാതോലിക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1912 സെപ്റ്റംബർ 17-ന് അബ്ദൽ മിശിഹാ പാത്രിയർക്കീസിന്റെ പ്രധാന കാർമ്മികത്വത്തിൽ നിരണം വലിയ പള്ളിയിൽ വച്ച് മാർ ഈവാനിയോസ് പൗരസ്ത്യ കാതോലിക്കായായി വാഴിക്കപ്പെട്ടു. മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിതമായി. മലങ്കര സഭ ഒരു പുതുയുഗത്തിലേക്ക് കാലൂന്നി. ആധിപത്യത്തിന്റെയും അധീശത്വത്തിന്റെയും വേലിക്കെട്ടുകൾ സഭ ഭേദിച്ചു. സ്വാതന്ത്ര്യത്തിന്റെ നവചൈതന്യം മലങ്കരയിൽ പരന്നു.

### അബ്ദൽ മിശിഹാ വീണ്ടും സിംഹാസനത്തിൽ

മാർ അബ്ദൽ മിശിഹാ 1913 കുംഭം 20-ന് ശീമക്കു മടങ്ങി. തുർക്കിയിൽ ഉയർന്നു വന്ന ജനകീയ വിപ്ലവം ഇതിനകം വിജയത്തിലെത്തിയിരുന്നു. കെവൽപാഷ രാജ്യത്തെ നേതാവും ഭരണാധിപനുമായി. മലങ്കരയിൽ നിന്നും തിരിച്ചെത്തിയ അബ്ദൽ മിശിഹായെ മർദ്ദീൻകാർ ആഘോഷപൂർവ്വം സിംഹാസനത്തിലേക്ക് ആനയിച്ചു. മാർ അബ്ദള്ളാ മർദീനിലേക്ക് പോകാൻ ഭയപ്പെട്ടു. അദ്ദേഹം യരുശലേമിൽത്തന്നെ കാലം കഴിച്ചു. (മാർ അബ്ദൽ മിശിഹാ 1915 ചിങ്ങം 17-ന് കാലം ചെയ്തു. മുൻഗാമികളായ പാത്രിയർക്കീസന്മാരുടെ നിരയിൽ അദ്ദേഹം മർദ്ദീനിലെ ബസ്കുദിശായിൽ കബറടക്കപ്പെട്ടു. പാത്രിയർക്കീസിനടുത്ത പദവികളോടെയാണ് ശുശ്രൂഷകൾ നിർവ്വഹിക്കപ്പെട്ടത്. 1915 നവംബർ 25-ന് അന്തരിച്ച മാർ അബ്ദള്ളാ യരുശലേമിൽത്തന്നെ സംസ്കരിക്കപ്പെട്ടു.


തുടരും......

**2004 ജൂൺ മാസം 10-ാം തീയതി നടത്തുവാൻ ഉദ്ദേശിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ സംബന്ധിച്ചും അന്നു തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്ന എപ്പിസ്ക്കോപ്പാമാരെ സംബന്ധിച്ചുമുള്ള കാഴ്ചപ്പാടുകളാണ് ഇനിയുള്ള പേജുകളിൽ. അതാതു ലേഖനത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചുള്ള ഉത്തരവാദിത്വം അതാതു ലേഖകൻമാർക്കായിരിക്കും. ലേഖനങ്ങളെ സംബന്ധിച്ചുള്ള പ്രതികരണങ്ങൾ പ്രസിദ്ധീകരിക്കുന്നത് എഡിറ്റോറിയൽ ബോർഡിന്റെ തീരുമാനമനുസരിച്ചായിരിക്കും. – പത്രാധിപർ.**

# വ്യവസ്ഥാപിതവും നിയന്ത്രിതവുമാകണം

**ഫാ. റ്റി. ജെ. ജോഷ്വ**

ഓർത്തഡോക്സ് സഭയുടെ ഉന്നതസമിതിയായ മാനേജിംഗ് കമ്മറ്റി ഏഴുപേരെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കണമെന്നു തീരുമാനിച്ചതായി മാധ്യമങ്ങളിൽക്കൂടി മനസ്സിലാക്കുന്നു. സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മരും വൈദിക പ്രമുഖരും അത്മായ പ്രതിനിധികളും അടങ്ങുന്ന ഈ പരമോന്നത സമിതിയുടെ “സുചിന്തിതമായ” തീരുമാനത്തെ ചോദ്യം ചെയ്യുന്നത് ന്യായയുക്തമല്ലായിരിക്കാം. എങ്കിലും മനസ്സിൽ ഉയരുന്ന ചില ചോദ്യങ്ങൾ ആ സമിതിയുടെ മുമ്പിൽ സമർപ്പിക്കുന്നു. ഇപ്പോൾ എന്തിന് ഏഴുപേർ? വേദപുസ്തക വീക്ഷണത്തിൽ ‘ഏഴ്’ പൂർണ്ണത സംഖ്യ ആയതുകൊണ്ടാണോ? അതോ ഏഴു സ്ഥാനങ്ങൾ വ്യക്തമായി മുന്നിൽ കണ്ടുകൊണ്ടാണോ? എങ്കിൽ ആ സ്ഥാനങ്ങൾ ഏതൊക്കെയാണ്? ഇന്നുള്ള മെത്രാപ്പോലീത്താമാർ ആരെങ്കിലും വിരമിക്കുന്നതായി വിവരമുണ്ടോ? അസിസ്റ്റന്റുമാരെ നിയമിക്കുന്നത് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രയോജനപ്രദമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ? പുതിയ ഭദ്രാസനങ്ങൾ ഉണ്ടാക്കുവാനുള്ള സാധ്യത വ്യക്തമായി തെളിഞ്ഞു വന്നിട്ടുണ്ടോ? ഈ ചോദ്യങ്ങൾക്കുത്തരം നൽകാതെ "ഏഴ്" എന്ന സംഖ്യ നിശ്ചയിച്ചത് ഉപരിപ്ലവമായിപ്പോയി എന്നാണ് ഈ ലേഖകന്റെ അഭിപ്രായം.

“ഏഴുപേർ” എന്നു വന്നതിന്റെ വെളിച്ചത്തിലാണ് ഏതാണ്ട് മുപ്പതിലധികംപേർ സ്ഥാനാർത്ഥികളായി മുന്നോട്ടുവന്നിട്ടുള്ളത്. നമ്മുടെ സഭയുടെ ചരിത്രത്തിൽ മുമ്പെങ്ങും ഇത്രയധികം സ്ഥാനാർത്ഥികൾ രംഗപ്രവേശം ചെയ്തിട്ടില്ല. അഭിമാനകരവും ആരോഗ്യപരവുമായ ഒരു ലക്ഷണമായി ഇതിനെ കണക്കാക്കാമോ? സഭാസേവന വ്യഗ്രതയും ശുശ്രൂഷാ തീക്ഷ്ണതയുമാണോ ഇതു പ്രതിഫലിപ്പിക്കുന്നത്? എങ്കിൽ നന്ന്!

ഇന്നു മെത്രാൻസ്ഥാനം വളരെ അഭികാമ്യമായിത്തീർന്നിരിക്കുന്നു. കാരണം സാമ്പത്തിക ഭദ്രത, ആഡംബര പൂർണ്ണമായ ജീവിതം, ഭൂലോകം മുഴുവൻ സഞ്ചരിക്കാനും സന്ദർശിക്കാനുമുള്ള സൗകര്യം, സാർവ്വത്രികമായി ലഭിക്കുന്ന അംഗീകാരവും ആദരവും, നിയന്ത്രണങ്ങൾക്കതീതമായ സ്ഥാനമാനങ്ങൾ, ആരെയും കണക്കു ബോധിപ്പിക്കാനുള്ള ബാധ്യതയില്ലായ്മ ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ – ഇവയൊക്കെ പരിമിതമായ ഒരു കാലത്തേക്കല്ല; മരണപര്യന്തമാണ്. അപ്പോൾ ആ സ്ഥാനം മോഹിച്ചു പോകുന്നതിൽ അതിശയിക്കാനില്ല. ആദ്ധ്യാത്മികതയുടെ പരിവേഷത്തിൽ ഭൗതിക നേട്ടങ്ങൾ ആസ്വദിക്കാവുന്ന രംഗം എന്നു വിലയിരുത്തിയാൽ കുറ്റപ്പെടുത്താനാവുമോ?

മേശയിൽ ശുശ്രൂഷിക്കുവാനുള്ള ശെമ്മാശന്മാരെ തെരഞ്ഞെടുത്തപ്പോൾ പോലും അപ്പോസ്തോലന്മാർ ചില മാനദണ്ഡങ്ങളൊക്കെ സ്വീകരിച്ചതായി കാണാം. “ആത്മാവും, ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ തിരഞ്ഞുകൊൾവിൻ; അവരെ ഈ വേലയ്ക്ക് ആക്കാം” (അപ്പോ. 6:5) പിന്നീട് കശീശന്മാരെയും എപ്പിസ്ക്കോപ്പാമാരെയും നിയോഗിക്കുമ്പോൾ അവർ എപ്രകാരമുള്ളവരായിരിക്കണമെന്ന് പൗലോസ് ശ്ലീഹാ തീമോത്തിയോസിനും, തീത്തോസിനും എഴുതുന്ന കത്തുകളിൽ വ്യക്തമാക്കുന്നുണ്ട്. (1 തീമോ. 3: 1-13; തീത്തോ. 1:6-9) ഈ വേദഭാഗം പട്ടംകൊട ശുശ്രൂഷയിൽ പാട്ടുകളിലും പ്രാർത്ഥനകളിലും ആവർത്തിച്ച് ചൊല്ലുന്നുണ്ട്. അടിസ്ഥാന തത്വങ്ങൾ എന്ന നിലയിൽ അവ ഇന്നും പ്രസക്തം തന്നെ.

കേരളത്തിൽത്തന്നെയുള്ള ഇതര എപ്പിസ്ക്കോപ്പൽ സഭകളിൽ മെത്രാൻ തെരഞ്ഞെടുപ്പ് കൂടുതൽ വ്യവസ്ഥാപിതവും നിയന്ത്രിതവുമായ സംവിധാനത്തിലാണ്. ജനപ്രതിനിധികളും വൈദികരും ചേർന്നാണ് അവിടെയും തെരഞ്ഞെടുപ്പ് നടക്കുന്നത്. (റോമൻ കത്തോലിക്കാ സഭ ഇക്കാര്യത്തിൽ വേറിട്ടു നിൽക്കുന്നു). സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശത്തിനായി ഒരു നോമിനേഷൻ കമ്മറ്റി പ്രവർത്തിക്കുന്നു. ആ കമ്മറ്റിയിൽ സമുന്നതരും പ്രഗത്ഭരുമായ വ്യക്തികളാണുള്ളത്. അവർ അർഹതയുള്ള വ്യക്തികളെപ്പറ്റി വിശദമായ പഠനങ്ങളും അന്വേഷണങ്ങളും നടത്തുന്നു. അതിനുശേഷം പരിഗണിക്കാവുന്ന വ്യക്തികളുടെ ഒരു പാനൽ നൽകുന്നു. ആ പാനലിൽ നിന്നാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. മാർത്തോമ്മാ സഭയിൽ വൈദികരുടെയും അത്മായരുടെയും എഴുപത്തഞ്ചു ശതമാനം വോട്ടുകൾ വീതം വെവ്വേറെ ലഭിക്കണം.

നമ്മുടെ വ്യവസ്ഥ വ്യത്യസ്തമാണ്. അസോസിയേഷനിൽ അംഗത്വമുള്ള മുപ്പതുപേർ ചേർന്ന് ഒരു വ്യക്തിയുടെ നാമനിർദ്ദേശം നടത്താം. അങ്ങനെ മുപ്പതുപേരുടെ ഒപ്പു നേടാൻ ഒരു പ്രയാസവുമില്ല. അപ്രകാരം നിർദ്ദേശിക്കപ്പെടുന്ന വ്യക്തിയെപ്പറ്റി പഠിക്കുവാനോ അന്വേഷിക്കുവാനോ സമ്മതിദായകർക്ക് അവസരം ലഭിക്കുന്നില്ല. അതൊരു വലിയ പോരായ്മയാണ്. ഒരു നോമിനേഷൻ കമ്മറ്റിയുണ്ടാവുകയും അവർ വിശദമായ പഠനം നടത്തിയശേഷം നാമനിർദ്ദേശം നടത്തുകയും ചെയ്താൽ മെച്ചപ്പെട്ട വ്യക്തികളെ ലഭിക്കുവാൻ ഇടയാകുമായിരുന്നു.

ഏതാണ്ടു രണ്ടു ദശകങ്ങൾക്കു മുമ്പ് പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലുള്ള ഒരു സമിതി തെരഞ്ഞെടുപ്പിന് ഒരു മാർഗ്ഗരേഖ ഉണ്ടാക്കിയിരുന്നു. അതേപ്പറ്റി അറിവുള്ളവർ ഇന്ന് എത്ര പേരുണ്ട്? അസോസിയേഷൻ അംഗങ്ങൾക്ക് യഥാവസരം അതു ലഭ്യമാക്കുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കുമെന്നു പ്രതീക്ഷിക്കുന്നു. സ്ഥാനാർത്ഥിനിർണ്ണയത്തിനു പരിഗണിക്കപ്പെടേണ്ട ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നത് യാതൊരു സ്വാർത്ഥതാല്പര്യമോ മുൻവിധിയോ വച്ചുകൊണ്ടല്ല എന്നു പ്രസ്താവിക്കട്ടെ. സഭയെപ്പറ്റിയും അതിന്റെ നേതൃത്വത്തിൽ വരേണ്ടവരെപ്പറ്റിയും ഉള്ള ഉത്തമ ലക്ഷ്യത്തിൽ നിന്നുമാത്രമാണ്.

**1. പ്രത്യക്ഷമായോ പരോക്ഷമായോ വോട്ടു നേടാൻ ഉദ്യമിക്കുന്നവരെ അനഭിമതരായി കാണണം.** അവർ സ്ഥാനമോഹികളും സ്വാർത്ഥലക്ഷ്യമുള്ളവരുമാണ്. നമ്മുടെ ചില പൂർവ്വിക പിതാക്കന്മാർ നാമനിർദ്ദേശം ചെയ്യപ്പെട്ടപ്പോൾ അവർ ആ ഉന്നത സ്ഥാനത്തിനു യോഗ്യരല്ല എന്നു പറഞ്ഞ് പിന്മാറുകയും മരുഭൂമിയിലെ ഏകാന്തതയ്ക്ക് മാറിപ്പോവുകയും ചെയ്തിട്ടുണ്ട്. മലങ്കരസഭയിൽത്തന്നെ അങ്ങനെ പിന്മാറിയിട്ടുള്ള ചില ശ്രേഷ്ഠവ്യക്തികളെപ്പറ്റി വ്യക്തമായിട്ടറിയാം.

**2. പ്രായപരിധിയും ആരോഗ്യപ്രശ്നവും:** പെൻഷൻപ്രായം കഴിഞ്ഞവരെ നിശ്ചയമായും ഒഴിവാക്കണം; അവർ എത്ര തന്നെ അഭികാമ്യരായിരുന്നാലും ആരോഗ്യത്തിന്റെ പ്രശ്നവും കണക്കിലെടുക്കേണ്ടതാണ്. സി.എസ്.ഐ. സഭയിൽ വിശദമായ മെഡിക്കൽ പരിശോധനയും യോഗ്യതാ സർട്ടിഫിക്കറ്റും ആവശ്യമാണ്. മെഡിക്കൽ റിപ്പോർട്ട് അനുകൂലമല്ല എന്ന ഏകകാരണത്താൽ സ്ഥാനാർത്ഥി തിരസ്ക്കരിക്കപ്പെട്ട സംഭവങ്ങൾ ആ സഭയിലുണ്ട്.

**ഇന്നു മെത്രാൻസ്ഥാനം വളരെ അഭികാമ്യമായിത്തീർന്നിരിക്കുന്നു. കാരണം സാമ്പത്തിക ഭദ്രത, ആഡംബര പൂർണ്ണമായ ജീവിതം, ഭൂലോകം മുഴുവൻ സഞ്ചരിക്കാനും സന്ദർശിക്കാനുമുള്ള സൗകര്യം, സാർവ്വത്രികമായി ലഭിക്കുന്ന അംഗീകാരവും ആദരവും, നിയന്ത്രണങ്ങൾക്കതീതമായ സ്ഥാനമാനങ്ങൾ, ആരെയും കണക്കു ബോധിപ്പിക്കാനുള്ള ബാധ്യതയില്ലായ്മ ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ – ഇവയൊക്കെ പരിമിതമായ ഒരു കാലത്തേക്കല്ല; മരണപര്യന്തമാണ്. അപ്പോൾ ആ സ്ഥാനം മോഹിച്ചു പോകുന്നതിൽ അതിശയിക്കാനില്ല.**

3. വിദ്യാഭ്യാസ യോഗ്യതയും വ്യക്തിപരമായ കഴിവുകളും: ഉന്നതമായ സെക്കുലർ വിദ്യാഭ്യാസത്തിനു പുറമേ വേദശാസ്ത്ര സംബന്ധമായും വിശ്വാസപരമായും ശരിയായ വിജ്ഞാനം നേടിയിരിക്കണം. ഏതെങ്കിലും മേലദ്ധ്യക്ഷന്റെ പാർശ്വവർത്തി ആയിരുന്നു അഥവാ ആയിരിക്കുന്നു എന്നുള്ളത് ഒരു വലിയ യോഗ്യതയായി കരുതാവുന്നതല്ല.

ആശയസംവേദനത്തിനുള്ള കഴിവ് ഏറ്റവുമാവശ്യമാണ്. സമകാലികങ്ങളായ വിഷയങ്ങളെപ്പറ്റി വിശകലനം ചെയ്യുവാനും, അവയെപ്പറ്റി ആധികാരികമായി പ്രതിപാദിക്കാനും കഴിവുവേണം. എക്യുമെനിക്കൽ വേദികൾ ഇന്നു വർദ്ധിച്ചു വരുന്ന സാഹചര്യമാണ്. അവിടെ മറ്റുള്ളവർക്കൊപ്പം നിൽക്കുവാൻ കഴിയാതെ വന്നാൽ അത് സഭയ്ക്കു തന്നെ പോരായ്മയും സഭ അവഗണിക്കപ്പെടുന്ന അവസ്ഥ വിളിച്ചു വരുത്തുന്നതുമാകും.

**4. ആരാധനാ ജീവിതത്തിൽ നിഷ്ഠയും അറിവും നേടിയിരിക്കണം.** നമ്മുടെ സഭ ആരാധനയ്ക്കു വളരെ പ്രാധാന്യം കല്പിക്കുന്നു. മുമ്പുള്ള പിതാക്കന്മാർക്ക് കൈമുതലായിട്ടുണ്ടായിരുന്നത് അവരുടെ തപോനിഷ്ഠയും ആരാധനാനുഷ്ഠാനങ്ങളിലുള്ള വ്യഗ്രതയുമായിരുന്നു. നോമ്പും ഉപവാസവും ജീവിത വ്രതമായിട്ടവർ എടുത്തു. അങ്ങനെയുള്ളവരുടെ സംഖ്യ ഇന്നത്തെ തലമുറയിൽ കുറഞ്ഞുവരികയാണ്. സഭയുടെ അപചയത്തിനുള്ള കാരണവും ഒരു പക്ഷേ അതായിരിക്കാം. ദയറാകളിൽ അംഗത്വമുള്ളതുകൊണ്ടു മാത്രം ഇക്കാര്യങ്ങളിൽ നിഷ്ഠവേണമെന്നില്ല.

**5) ജനസമ്പർക്കത്തിനവസരം ലഭിച്ചിരിക്കണം:** ഇടവകകളിൽ ശുശ്രൂഷ അനുഷ്ഠിച്ചും, പൊതുയോഗങ്ങൾ നടത്തിയും ഇടവക ജനങ്ങളുമായി സമ്പർക്കം പുലർത്തിയിട്ടുള്ള വ്യക്തി, ഇന്നത്തെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാനും

## മലങ്കര അസോസ്യേഷനും മെത്രാൻ തെരഞ്ഞെടുപ്പും

# ദൈവഹിതം, ജനായത്തപരം, ഐകകണ്ഠ്യേന:- ഒരു നിർദ്ദേശം

**ഫാ. ഡോ. ജേക്കബ് കുര്യൻ**

ഇന്നത്തെ സഭാന്തരീക്ഷത്തിൽ അഭിപ്രായങ്ങൾ പറയുന്നതുകൊണ്ട് വലിയ പ്രയോജനമില്ലെന്ന് അറിയാം. അഥവാ ആരെങ്കിലും അഭിപ്രായങ്ങൾ പറഞ്ഞാൽ അതു പക്വതയില്ലായ്മയാണെന്ന് വരുത്തിത്തീർക്കാനും എളുപ്പമാണ്. ലക്ഷങ്ങൾ ചെലവുചെയ്ത്, സഭാംഗങ്ങളുടെ ആഗോളപ്രതിനിധി സമ്മേളനം കൂടുന്നത്, അതിനുവേണ്ടിയുള്ള ബാഹ്യതയ്യാറെടുപ്പിനോടൊപ്പം, ആകമാനമായി അതിന്റെ പ്രയോജനം കൂടി ആസൂത്രണം ചെയ്യപ്പെട്ടുകൊണ്ടായിരിക്കണം. ഇന്ന് എല്ലാവരും ആഗ്രഹിക്കുന്നതും അനിവാര്യമായതുമായ ഒരു സംഗതിയാണ്, സഭാഭരണ സംവിധാനത്തിന്റെ കാര്യക്ഷമത. 1934-ൽ പാസാക്കിയ സഭാഭരണഘടന പ്രധാനമായും 'മലങ്കര മെത്രാൻ' സ്ഥാനത്തിന്റെ ഏകനായകത്വത്തിൽ കേന്ദ്രീകരിച്ചതും, കാതോലിക്ക, സുന്നഹദോസ്, ജനപങ്കാളിത്തം മുതലായവയെ ആലങ്കാരികമായി മാത്രം ഉൾക്കൊണ്ടതുമായ ഒന്നാണ്. ഒരു മലങ്കര ഇടവക എന്ന പ്രധാന തത്വത്തിൽ കേന്ദ്രീകരിച്ച പ്രസ്തുത ഭരണഘടനയ്ക്ക്, ആഗോള വ്യാപകമായി പല ഭദ്രാസനങ്ങളിലും, പല പ്രസ്ഥാനങ്ങളിലും, സ്ഥാപനസംവിധാനങ്ങളുമായി വരുന്ന ഒരു സഭയുടെ ഭരണപരമായ ക്രമീകരണങ്ങളെ വിഭാവനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ വസ്തുതയെ ഇന്നുള്ള പലരും മനസിലാക്കിയിട്ടില്ല എങ്കിലും, ഭരണഘടന രൂപകല്പന ചെയ്ത ക്രാന്തദർശികൾ അതു മനസിലാക്കിയിട്ടാണ് ഭരണഘടനാഭേദഗതിക്ക് സത്വരവും, ലളിതവുമായ ഒരു മാർഗ്ഗം ഭരണഘടനയിൽത്തന്നെ എഴുതിച്ചേർത്തത്. മാനേജിംഗ് കമ്മറ്റിയുടെ അറിവോടെ ആവശ്യമായ ഭേദഗതികൾ റൂൾസ് കമ്മറ്റിക്ക് നിർദ്ദേശിച്ച് നടപ്പിലാക്കാവുന്ന തരത്തിലുള്ള ഈ മാർഗ്ഗം പ്രയോജനപ്പെടുത്തുവാൻ എന്തുകൊണ്ട് വൈകുന്നു എന്ന ചോദ്യത്തിന് ഉത്തരം കിട്ടുന്നില്ല. ഇന്നത്തെ മാനേജിംഗ് കമ്മറ്റിയുടെ സാധുത സുപ്രീംകോടതിതന്നെ അരക്കിട്ടുറപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത മാനേജിംഗ് കമ്മറ്റിയുടെ അറിവോടെയും സമ്മതത്തോടെയും റൂൾസ് കമ്മറ്റി ഭരണഘടനാ ഭേദഗതികൾ നിർദ്ദേശിച്ച്, ഭരണഘടനയിൽ പറയുന്ന പ്രകാരം തന്നെ നടപ്പിലാക്കിയാൽ അത് എങ്ങനെ കേസുകളെ ബാധിക്കും എന്ന് മനസിലാകുന്നില്ല. ഭരണഘടനാ ഭേദഗതികൾ വ്യക്തി, സ്ഥാന, താല്പര്യങ്ങളെ ബാധിക്കും എന്ന ഭയം ഉള്ളവർക്ക് നിലവിലുള്ള വ്യവസ്ഥിതികൾ തന്നെ തുടരുകയെന്നതിൽ കവിഞ്ഞ് സഭയെക്കുറിച്ച് കാര്യമായ ദർശനം ഉണ്ടാകുകയുമില്ല.

സഭയെക്കുറിച്ച് അനിവാര്യമായ ഉൾക്കാഴ്ചയുള്ള ഭരണഘടനാ ഭേദഗതികൾ താഴെപ്പറയുന്ന കാര്യങ്ങളെക്കൂടി പരിഗണിച്ചാണ് ഉണ്ടാകേണ്ടതെന്നു തോന്നുന്നു.

1. ദൈവത്തിന്റെ മന്ദിരവും, ക്രിസ്തുവിന്റെ ശരീരവും മണവാട്ടിയുമായ, സഭയുടെ കാലികവും, ചരിത്രപരവുമായ പ്രകാശനമായി 'മലങ്കര ഓർത്തഡോക്സു സഭയെ' കണ്ടുകൊണ്ട് സഭയെക്കുറിച്ചുള്ള ആത്മീക ദർശനം ഭരണഘടനയിലും വ്യക്തമാക്കുക.

2. ദൈവരാജ്യകെട്ടുപണിക്കായി, കാതോലിക്കോസ്, മെത്രാപ്പോലീത്താ, വികാരി എന്നിവർ യഥാക്രമം നേതൃത്വം നൽകുന്ന, എപ്പിസ്ക്കോപ്പൽ സുന്നഹദോസ്, ഭദ്രാസന കൗൺസിൽ, ഇടവക മാനേജിംഗ് കമ്മറ്റി എന്നീ പരസ്പര ബന്ധിത ശ്രേണീ വ്യവസ്ഥിതി വ്യക്തമാക്കുക.

3. ഒരാൾ സഭാംഗമാകുന്നതിനെക്കുറിച്ചും, സഭാംഗത്വത്തിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നതിനെക്കുറിച്ചും കാലാനുസൃതമായ വെല്ലുവിളികളെയും പ്രശ്നങ്ങളെയും കൂടി കണക്കിലെടുത്ത്, വ്യക്തമായ നിബന്ധനകൾ ഉണ്ടാകുക.

4. കാതോലിക്കാസ്ഥാപനം ഒരു സിനഡൽ സംവിധാനത്തിന്റെ പ്രതീകമാണ്. മലങ്കര മെത്രാൻ സ്ഥാനം, ഏകനായകത്വ സംവിധാനത്തിന്റെ പ്രതീകമാണ്. ഇവ രണ്ടും ഒന്നിച്ചു പോവുക പ്രയാസമാണ്. നിലവിലിരിക്കുന്ന വ്യവസ്ഥിതിയിലും ഭരണഘടനയിലും കാതോലിക്കാസ്ഥാപനം വളരെ ബലഹീനമാണ്; മലങ്കര മെത്രാപ്പോലീത്തായ്ക്കാണ് സർവ്വ അധികാരവും. മെത്രാന്മാരുടെ കൂട്ടുത്തരവാദിത്തം നടക്കണമെങ്കിൽ, കാതോലിക്കാസ്ഥാപനത്തിലൂന്നിയ സിനഡൽ സംവിധാനം കാര്യക്ഷമമാകണം. തദനുസൃതമായ മാറ്റങ്ങൾ ഭരണഘടനയിൽ തന്നെ ഉണ്ടാകണം.

5. ഒരു ആഗോള സഭാ സംവിധാനത്തിൽ ആവശ്യമായ വികേന്ദ്രീകരണവും, കാര്യക്ഷമമായ ഏകീകരണവും സമന്വയിക്കുന്ന ഭരണഘടനാ വകുപ്പുകളും, ഉപവകുപ്പുകളും ഉണ്ടാകണം.

6. സഭാ ഭരണസമിതികളിൽ സ്ത്രീകൾക്കും, യുവജനങ്ങൾക്കും പങ്കാളിത്തം ഉണ്ടാകുന്ന തരത്തിൽ നിലവിലിരിക്കുന്ന ഭരണഘടനാ വകുപ്പുകളിൽ മാറ്റം ഉണ്ടാകണം.

7. ആത്മീയ പ്രസ്ഥാനങ്ങൾ, വിദ്യാഭ്യാസം, ആതുരസേവനം, സാമൂഹ്യസേവന പദ്ധതികൾ, മുതലായി സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നവയെ സമഗ്രമായി കൈകാര്യം ചെയ്യുന്നവിധത്തിലും, അവയിൽ പ്രവർത്തിക്കുന്നവരുടെ ശബ്ദം കേൾക്കുന്ന വിധത്തിലും, സഭാ മാനേജിംഗ് കമ്മറ്റിയുടെ അംഗത്വ പ്രവർത്തന മേഖലയ്ക്ക് വ്യക്തതയുണ്ടാകണം.

8. സഭാ നേതൃതലങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് കൃത്യമായ യോഗ്യതകളും, കാലപരിധിയും, സേവനവ്യവസ്ഥകളും ഉണ്ടാകണം.

9. ഭരണപരമായ നിർവ്വഹണങ്ങൾക്ക് കമ്മറ്റികളെയും, കമ്മീഷനുകളെയും ഉപസമിതികളെയും നിയോഗിക്കുമ്പോൾ, അവ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ എന്തൊക്കെ അടിസ്ഥാന ക്രമീകരണങ്ങളും നിബന്ധനകളും ഉണ്ടായിരിക്കണം എന്ന് ഭരണഘടന വ്യക്തമാക്കണം.

10. സഭാനേതൃത്വസ്ഥാനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പുകൾ, ജനപങ്കാളിത്തത്തോടെയും, ദൈവഹിതത്തിന് വിധേയമായും ഐകകണ്ഠ്യേനയും ആകുവാൻ സാധിക്കുന്ന ഒരു തെരഞ്ഞെടുപ്പു മാർഗ്ഗം ഭരണഘടനയിൽ ഉൾക്കൊള്ളേണ്ടതാണ്.

**ദൈവഹിത പ്രകാരവും, ജനായത്തപരവും, ഐകകണ്ഠ്യേനയും ആയ തെരഞ്ഞെടുപ്പു മാർഗ്ഗം-ഒരു നിർദ്ദേശം**

സഭാ നേതൃസ്ഥാനങ്ങളിലേക്ക് വരുന്നവരുടെ മിനിമം യോഗ്യതകൾ കാലാനുസൃതമായി മാനേജിംഗ്-കമ്മറ്റിക്കും എപ്പിസ്ക്കോപ്പൽ സുന്നഹദോസിനും തീരുമാനിക്കാവുന്നതാണ്. ഉദാഹരണത്തിന് മെത്രാൻസ്ഥാനത്തേക്കാണ് തെരഞ്ഞെടുപ്പുവരുന്നത് എങ്കിൽ താഴെപ്പറയുന്ന കാര്യങ്ങളെക്കുറിച്ച് ഒരു മിനിമം യോഗ്യതാ മാനദണ്ഡം, സന്യാസീ വൈദികർക്കായി തെരഞ്ഞെടുപ്പു പ്രഖ്യാപനത്തിനു മുമ്പ് രൂപപ്പെടുത്താവുന്നതാണ്.

1. പ്രായം (45 നും 55 നും ഇടയ്ക്കാകുന്നത് അഭികാമ്യം: റിട്ടയർമെന്റുപ്രായത്തിൽ മെത്രാനായതുകൊണ്ട് സ്വന്തം കാര്യം രാജകീയം ആകുമെന്നല്ലാതെ, സഭയ്ക്ക് ഒരു പ്രയോജനവും ഇല്ല).

2. വിദ്യാഭ്യാസ യോഗ്യത (വൈദിക വിദ്യാഭ്യാസം ഉൾപ്പെടെ).

3. ഇടവക ശുശ്രൂഷയിലുള്ള പരിചയം (കുറഞ്ഞത് അഞ്ചുവർഷം)

4. സഭയുടെ പൊതുവായ സ്ഥാപനങ്ങളിലോ, സ്ഥാനങ്ങളിലോ നിർവ്വഹിച്ച സേവനം (കുറഞ്ഞത് അഞ്ചു വർഷം)

5. സേവന വ്യവസ്ഥകളെക്കുറിച്ച് വ്യക്തമായിപ്പറയുന്ന ഒരു സമ്മതപത്രത്തിൽ ഒപ്പുവയ്ക്കാനുള്ള സന്നദ്ധത.

(മേല്പറഞ്ഞ സമ്മതപത്രത്തിൽ ആവശ്യം ഉൾപ്പെടേണ്ടവ; സ്ഥലം മാറ്റത്തിനും റിട്ടയർമെന്റിനും ഉള്ള സന്നദ്ധത; സ്ഥാനലബ്ധിയോടെ സ്വന്തംപേരിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ആയിട്ടുള്ള ബന്ധം വിടർത്തുന്നതിനുള്ള സന്നദ്ധത; സ്ഥാനലബ്ധിക്കു ശേഷം സർവ്വവരവുചെലവുകളുടെയും കണക്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള സന്നദ്ധത; കാലം ചെയ്യുമ്പോൾ സർവ്വസ്ഥാവരജംഗമ സാമ്പത്തിക മുതലുകളും സഭയ്ക്ക് പൊതുവായിട്ടിരിക്കുമെന്ന പ്രതിജ്ഞ).

മേല്പറഞ്ഞ യോഗ്യതകളെ പരിഗണിച്ച്, സഭാംഗങ്ങൾക്ക് നിയമാനുസൃതമാർഗ്ഗത്തിൽ നോമിനേഷനുകൾ നൽകുവാൻ അവസരം ലഭിക്കണം. ഇങ്ങനെ ലഭിക്കുന്ന നോമിനേഷനുകൾ, മേലിൽപറഞ്ഞ മിനിമം യോഗ്യതാ മാനദണ്ഡത്തിന്റെയും, രഹസ്യത്തിലും നിഷ്പക്ഷമായും ലഭ്യമാകുന്ന അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിൽ ഒരുന്നത സമിതി പഠിച്ച്, തെരഞ്ഞെടുക്കപ്പെടാൻ അർഹതയുള്ളവരുടെ ഒരു പാനൽ തയ്യാറാക്കുക. ഈ പാനലിൽ ഉൾപെട്ടവരിൽ നിന്ന്, ആവശ്യമായിരിക്കുന്ന എണ്ണം ആളുകളെ അസോസ്യേഷൻ ദിവസം

ശേഷം 24-ാം പേജിൽ

അവരുടെ വികാരങ്ങളെ കണക്കിലെടുക്കാനും കഴിയുന്നവൻ ആയിരിക്കും. തത്വങ്ങളും സിദ്ധാന്തങ്ങളും ഉരുവിടുന്ന അനുഭവത്തിൽ മാത്രം നിൽക്കാതെ പ്രായോഗിക തലത്തിൽ ചിന്തിക്കാനും പ്രതികരിക്കാനും കഴിയുന്ന അവസ്ഥ ആവശ്യമാണ്.

**(6) നല്ല സാക്ഷ്യമുള്ളവൻ ആയിരിക്കണം:** ഇതു പൗലോസ് ശ്ലീഹാ നിർദേശിക്കുന്ന യോഗ്യതകളിലൊന്നാണ്. സ്വഭാവ മഹിമകൊണ്ടും, പെരുമാറ്റ മേന്മകൊണ്ടും ജനഹൃദയങ്ങളിൽ സ്ഥാനമുള്ളവരായിക്കണം. അമേരിക്കൻ പ്രസിഡണ്ടു സ്ഥാനത്തേക്ക് മത്സരിക്കുന്ന വ്യക്തി എത്രതന്നെ കഴിവുറ്റവനും, പ്രതിഭാശാലിയുമായിരുന്നാലും, സ്വഭാവത്തിന് എന്തെങ്കിലും വൈകല്യമുണ്ടോ എന്ന് ചികഞ്ഞുനോക്കാറുണ്ട്. ഒരു രാഷ്ട്രീയ നേതാവിന്റെ കാര്യത്തിൽപ്പോലും അക്കാര്യം ഗൗരവമായി പരിഗണിക്കുന്നുവെങ്കിൽ ഒരു ആത്മീയ പിതാവിന്റെ കാര്യത്തിൽ എത്ര അധികമായി ആ വിഷയം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പൗരസ്ത്യ സഭാ പാരമ്പര്യത്തിൽ, എപ്പിസ്ക്കോപ്പൽ സ്ഥാനാഭിഷേക സമയത്ത് ജനങ്ങൾ ഒരുമിച്ച് ചേർന്ന് ഉച്ചസ്വരത്തിൽ പ്രഖ്യാപിക്കുന്ന ഒരു ഗ്രീക്കു വാക്കുണ്ട്. "അക്സിയോസ്" അതിനെ സുറിയാനീകരിച്ചപ്പോൾ "ഒക്സിയോസ്" ആയി. വാക്കിന്റെ അർത്ഥം 'ഇവൻ യോഗ്യൻ.' ഈ സ്ഥാനത്തിനും പദവിക്കും യോഗ്യനാകുന്നു എന്ന ജനശബ്ദം പട്ടംകൊടയുടെ ഭാഗം തന്നെയാണ്. അങ്ങനെ ആത്മാർത്ഥമായും സത്യസന്ധമായും പറയത്തക്കവണ്ണം യോഗ്യരായ ആളുകളെ മാത്രമല്ലാതെ ആ സ്ഥാനത്തേക്കു പരിഗണിക്കരുത്. വ്യക്തിബന്ധങ്ങളോ, സ്നേഹബന്ധങ്ങളോ അല്ല പ്രധാനം. സഭയുടെ നന്മയും, ദൈവനാമ മഹത്വവുമാണ് നാം പരിഗണിക്കേണ്ട കാര്യങ്ങൾ. ലാഘവബുദ്ധിയോടെ ചിന്തിക്കാതെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തമായി കാണണം. അതു പ്രാർത്ഥനയോടും ദൈവനടത്തിപ്പിൽ ആശ്രയിച്ചും പ്രാവർത്തികമാക്കേണ്ടതാണ്.

❖

# സ്ഥാനാർത്ഥികളുടെ യോഗ്യതകൾ– വി. വേദപുസ്തക വെളിച്ചത്തിൽ

**മത്തായി മാമ്പള്ളിൽ (സഭാ മാനേജിംഗ് കമ്മറ്റി അംഗം)**

സാർവ്വത്രികവും, അപ്പോസ്തോലികവുമായ ഏക സത്യ സഭയിൽ അപ്പോസ്തോലന്മാരുടെ പിൻതുടർച്ചക്കാരും പിൻഗാമികളുമായി, സത്യവിശ്വാസം കാത്തു പരിപാലിച്ച്, അദ്ധ്യക്ഷന്മാരായി ഭരണം നടത്തുവാനും, ജനത്തെ ദൈവത്തിങ്കലേക്ക് നയിക്കുവാനും തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ യോഗ്യതകളെക്കുറിച്ചും, അവരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും വി. വേദപുസ്തകത്തിൽ, വി. പൗലോസിന്റെയും വി. പത്രോസിന്റെയും ലേഖനങ്ങളിൽ കാണുന്നു.

പഴയ നിയമപ്രകാരം "പുരോഹിതൻ സൈന്യങ്ങളുടെ യഹോവയുടെ ദൂതനാകയാൽ, അവന്റെ അധരങ്ങൾ പരിജ്ഞാനം സൂക്ഷിച്ചുവയ്ക്കേണ്ടതും, ഉപദേശം അവനോടു ചോദിച്ചു പഠിക്കേണ്ടതും ആണല്ലോ" (മലാഖി 2:7)

പരിജ്ഞാനം നിറഞ്ഞതും, ഉപദേശിപ്പാൻ സമർത്ഥനുമായ പുരോഹിതനെ, മഹാപുരോഹിത സ്ഥാനത്തേക്കു തെരഞ്ഞെടുക്കണം. "ഒരുവൻ അദ്ധ്യക്ഷസ്ഥാനം ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ ശ്രേഷ്ഠമായ ജോലി ആഗ്രഹിക്കുന്നു." (1 തിമോ. 3:1)

നാം സാധാരണ ഉപയോഗിക്കുന്ന, Bible Society of India പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന മലയാളം വേദപുസ്തകത്തിൽ കാണുന്ന 'അദ്ധ്യക്ഷസ്ഥാനം' എന്നുള്ള വാക്കിന് അതേ വേദപുസ്തകം ഇംഗ്ലീഷ് പരിഭാഷയിൽ 'Bishop' എന്നു കാണാം. King James Version-ന്റെ ദ്വിഭാഷാ ബൈബിളിൽ, മലയാളത്തിൽ അദ്ധ്യക്ഷ സ്ഥാനം എന്നും, ഇംഗ്ലീഷിൽ Office of a Bishop എന്നും കാണുന്നു. New KJV Bible-ൽ position of a Bishop എന്നു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കത്തോലിക്കാ സഭയുടെ മലയാളം ബൈബിളിൽ (K.C.B.C. വിവർത്തനം) ഈ പദവിക്ക് 'മെത്രാൻ' എന്നും വേദപുസ്തക ഭാഷ്യം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ എപ്പിസ്ക്കോപ്പാ എന്നും കാണുന്നു.

അപ്പോസ്തോലിക പിൻതുടർച്ചയില്ലാത്ത അതായത് എപ്പിസ്ക്കോപ്പൽ അല്ലാത്ത സഭകൾ ഉപയോഗിക്കുന്ന വേദപുസ്തകത്തിലും, ആദിമസഭയിൽ, സഭയുടെ അദ്ധ്യക്ഷൻ ബിഷോപ്പ്, അല്ലെങ്കിൽ മെത്രാൻ അല്ലെങ്കിൽ എപ്പിസ്ക്കോപ്പാ ആയിരുന്നതായി കാണുന്നു.

അപ്പോസ്തോലന്മാരിൽ നിന്നും, തുടർന്ന് ബർന്നബാസ്, തിമോഥിയോസ്, തീത്തൂസ്, തുടങ്ങിയവരിൽ നിന്നുമുള്ള കൈവെയ്പിൽ കൂടി അവരുടെ പിൻഗാമികളായി, സഭയുടെ അദ്ധ്യക്ഷ സ്ഥാനങ്ങളിൽ, ബിഷോപ്പന്മാരെ നിയമിച്ചാക്കി. ഈ പിൻതുടർച്ചയും നിയമനവും, അപ്പോസ്തോലിക പാരമ്പര്യ സഭകളിൽ ഇന്നും നിലനില്ക്കുന്നു. സഭയിൽ അദ്ധ്യക്ഷന്മാരായി – മേല്പട്ടക്കാരായി– തെരഞ്ഞെടുക്കപ്പെടുന്നവർ, അപ്പോസ്തോലന്മാരുടെ പിൻതുടർച്ചക്കാരായതിനാൽ, അവരും അതേ യോഗ്യതയുള്ളവരായിരിക്കണം. അവർക്ക് താഴെ പറയുന്ന യോഗ്യതകൾ വി. പൗലോസ് ശ്ലീഹാ നിഷ്കർഷിക്കുന്നു:

വിശ്വാസവും നല്ല മനസ്സാക്ഷിയും ഉള്ളവൻ, ദൈവവചനത്തിനായി പോരാടുന്നവൻ (1 തിമോ. 1:18–19); ആരോപണങ്ങൾക്ക് അതീതൻ (1 തിമോ. 3:2); ഏക ഭാര്യാ വ്രതൻ, ഇന്ദ്രിയ വികാരങ്ങളെ ജയിക്കുന്നവൻ, ആത്മ സംയമനശീലൻ (സുശീലൻ), മാന്യൻ, അതിഥി സല്ക്കാരതല്പരൻ, പഠിപ്പിക്കുവാൻ പ്രാഗത്ഭ്യമുള്ളവൻ (ഉപദേശിപ്പാൻ സമർത്ഥൻ), സൗമ്യൻ, ശാന്തശീലൻ, ദ്രവ്യാഗ്രഹമില്ലാത്തവൻ (1 തിമോ. 3:4), പുറത്തുള്ളവരും സമാദരിക്കുന്നവൻ (1 തിമോ. 3:7)

താഴെ പറയുന്നവരെ, ഈ സ്ഥാനത്തേക്കു തെരഞ്ഞെടുക്കുവാൻ പാടില്ല.

മദ്യം ഉപയോഗിക്കുന്നവൻ (1 തിമോ. 3:3), അക്രമാസക്തൻ (തല്ലുകാരൻ), പുതുതായി വിശ്വാസം സ്വീകരിച്ച ആൾ (1 തിമോ 3:6), അദ്ധ്യക്ഷന്മാർ, താഴെ പറയുന്ന കാര്യങ്ങൾക്കു കടപ്പെട്ടിരിക്കുന്നു–അവ കൃത്യനിഷ്ഠയോടെ പാലിക്കണം, സ്വകുടുംബത്തെ യഥായോഗ്യം ഭരിക്കണം. (1 തിമോ. 3:4), ഉൽകൃഷ്ടമായ പെരുമാറ്റത്താൽ മക്കളുടെ അനുസരണം ആർജ്ജിക്കണം, ദൈവവിശ്വാസത്തിനു വിരുദ്ധമായതിനെ ഉപേക്ഷിക്കണം. ഭക്തിപരമായ ജീവിതം ആഭ്യസിക്കണം. കായിക വ്യായാമം ആവശ്യാനുസരണം. (1 തിമോ. 4:11), ആത്മീയ ജീവിതവിശുദ്ധിക്കായി കഠിനമായി യത്നിക്കണം–മല്ലിട്ടു മുന്നേറണം, വിശ്വാസ സത്യങ്ങൾ ആജ്ഞാപിക്കുകയും പഠിപ്പിക്കുകയും ചെയ്യണം., വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്കണം. (1 തിമോ. 4:12)., തിരുവചനം വായിക്കുന്നതിലും പ്രസംഗിക്കുന്നതിലും പഠിപ്പിക്കുന്നതിലും ശ്രദ്ധിക്കണം. (1 തിമോ. 4:13), കൈവയ്പിൽ ക്കൂടി ലഭിച്ച കൃപാവരം അവഗണിക്കരുത് (ദുർവിനിയോഗം പാടില്ല). (1 തിമോ. 4:14), പക്ഷപാതമായി ഒന്നും ചെയ്യരുത്. (1 തിമോ. 5:21), പാപത്തിൽ നിന്നും ഒഴിഞ്ഞിരിക്കണം. (1 തിമോ. 5:20), അന്യരുടെ പാപങ്ങളിൽ ഓഹരിക്കാരനാകരുത് (1 തിമോ. 5:22), തന്നെത്തന്നെ നിർമ്മലനായി കാത്തുകൊള്ളണം (1 തിമോ. 5:23), മുഖപക്ഷം നോക്കരുത് (1 പത്രോ. 1:13), ദൈവഭക്തിയും നല്ല നടപടിയും ഉണ്ടായിരിക്കണം, ഉപദ്രവത്തിൽ സഹിഷ്ണുതയും ഉത്സാഹവും പ്രത്യാശയും ഉണ്ടായിരിക്കണം (1:13).

സഭയിലെ അദ്ധ്യക്ഷസ്ഥാനം–മെത്രാൻ പദവി, പരിശുദ്ധാത്മ ദാനമാകുന്നു. തന്റെ ആത്മാവിനെ മനുഷ്യന്റെ മേൽ പകരുവാൻ അവനിൽ നിന്നും ദൈവം ആവശ്യപ്പെടുന്നത് അവന്റെ പരിശുദ്ധവും പരമാർത്ഥത നിറഞ്ഞതുമായ ഹൃദയമാണ്. ധനമാഹാത്മ്യം കൊണ്ടോ, സ്വാധീനങ്ങൾ കൊണ്ടോ, സ്ഥാനമാനങ്ങൾ കൊണ്ടോ, പരിശുദ്ധാത്മാവിനെ പിടിച്ചെടുക്കുവാൻ സാദ്ധ്യമല്ല. ആത്മീയ മണ്ഡലത്തിലെ ഔന്നത്യ സ്ഥാനങ്ങൾ പണം കൊണ്ടും സ്വാധീനം കൊണ്ടും നേടിയെടുക്കുവാൻ പലയിടങ്ങളിലും പലപ്പോഴും സാധിച്ചാൽത്തന്നെയും, പരിശുദ്ധാത്മാവിനെ വിലയ്ക്കു വാങ്ങുവാൻ കഴിയുകയില്ലെന്ന് ശമര്യക്കാരനായ ശീമോന്റെ അനുഭവം നമ്മെ പഠിപ്പിക്കുന്നു. (അപ്പോ. 8:9–25). "ദൈവത്തിന്റെ ദാനം പണം കൊണ്ടു വാങ്ങുവാൻ സാദ്ധ്യമല്ല." (Acts 8:20) "അങ്ങനെ വാങ്ങുവാൻ ശ്രമിക്കുന്നവർ കയ്പുള്ള പകയിലും ആകൃത്യത്തിന്റെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു." (Acts 8:22).

അതിനാൽ, ഓരോരുത്തരുടെയും യോഗ്യതയെക്കുറിച്ചും അർഹതയെക്കുറിച്ചും, വി. വേദപുസ്തക വെളിച്ചത്തിൽ അവരവർതന്നെ ചിന്തിക്കട്ടെ.

ഈ യോഗ്യതകളോടൊപ്പം, താഴെ പറയുന്ന സംഗതികൾ കൂടെ, സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശത്തിൽ കണക്കിലെടുക്കണം:

a) ഒന്നോ, ഒന്നിലധികമോ ഇടവകകളിലായി, കുറഞ്ഞതു പത്തു വർഷത്തെ വികാരിയായുള്ള സേവനം.

b) 40–നും 58–നും ഇടയ്ക്കുള്ള പ്രായം

c) ബിരുദദാനന്തര ബിരുദം – ഡോക്ടറേറ്റുള്ളവർക്കു മുൻഗണന.

d) നല്ല പുസ്തകങ്ങളോ, ഈടുറ്റ പ്രബന്ധങ്ങളോ, ലേഖനങ്ങളോ പ്രസിദ്ധീകരിച്ചിട്ടുള്ളവർ.

e) ധ്യാനം, സുവിശേഷ പ്രസംഗം, സെമിനാറുകൾ, കോൺഫറൻസുകൾ തുടങ്ങിയവയ്ക്കു അഗാധമായ നേതൃത്വവും പാണ്ഡിത്യവും നൽകുന്നവർ

f) പ്രാർത്ഥന, ഉപവാസം, നോമ്പ്, ജീവിത വിശുദ്ധി തുടങ്ങിയവയിൽ നിഷ്ഠയുള്ളവർ.

g) മാതൃകാപരമായ, ദൈവസ്നേഹത്തിലധിഷ്ഠിതമായ ജീവിതം.

ആട്ടിൻകൂട്ടത്തിനു മാതൃകകളായി തീർന്നുകൊണ്ട അദ്ധ്യക്ഷത ചെയ്യുവാൻ (1 പത്രോ 1:3), ദൈവത്തിനുഹിതമാം വണ്ണം ആട്ടിൻക്കൂട്ടത്തെ മേയിക്കുവാൻ (1:2) യോഗ്യരായവരെ, സഭയെ നടത്തുന്ന പരിശുദ്ധാത്മാവു കാണിച്ചു തരട്ടെയെന്നു പ്രാർത്ഥിക്കുന്നു.

❖

# വചനാനുസൃതം തെരഞ്ഞെടുക്കണം

**ഡോ. ജോസ് പാറക്കടവിൽ**

മതവും രാഷ്ട്രീയവും തമ്മിൽ ബന്ധമുണ്ടായിരിക്കണം എന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. ഈ പ്രസ്താവനയെ പലരും തെറ്റായി ധരിക്കയും ചെയ്തു. അതിനാൽ മതത്തിന്റെ ആദർശ ശുദ്ധി രാഷ്ട്രീയത്തിലുണ്ടാകണം എന്നാണു താൻ വിവക്ഷിക്കുന്നതെന്നു ഗാന്ധിജി വ്യക്തമാക്കി. മതത്തിന്റെ സ്വാധീനത്തിലൂടെ രാഷ്ട്രീയത്തിന് ഉണ്ടാകേണ്ട ഗുണപരമായ മാറ്റത്തെയാണു താൻ ലക്ഷ്യമാക്കുന്നതെന്നദ്ദേഹം വിശദീകരിച്ചു.

എന്നാൽ, സ്വാതന്ത്ര്യാനന്തരകാലത്ത്, ഗാന്ധിയൻ സ്വപ്നം നേരേ വിപരീതദിശയിലാണു പ്രവർത്തിച്ചത്. രാഷ്ട്രീയത്തിന്റെ തിന്മകൾ മതങ്ങളിലേക്കു പടർന്നുപിടിച്ചു. ക്രിസ്തുമതത്തിൽ അതേറ്റവുമധികം പ്രകടമാകുന്നത് സഭകളിലെ തെരഞ്ഞെടുപ്പു വേളകളിലാണ്. ഇന്നു ക്രൈസ്തവ സഭകളിലെ തെരഞ്ഞെടുപ്പുകളിൽ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ എല്ലാ തന്ത്രങ്ങളും കാണുവാൻ കഴിയും. അതനുസരിച്ചുള്ള അപചയം സഭകളിൽ പ്രകടമാകുന്നുമുണ്ട്.

ആദിമസഭയിൽ നടന്ന തെരഞ്ഞെടുപ്പിലെ മാർഗ്ഗരേഖ വ്യക്തമാക്കുന്നത് ആത്മാവും ജ്ഞാനവും നിറഞ്ഞ് സാക്ഷ്യമുള്ളവരെ തെരഞ്ഞെടുക്കണം (അ. പ്ര. 6:3) എന്നാണ്. ഇപ്പോഴും ഈ മാനദണ്ഡം മാത്രമേ അനുസരിക്കേണ്ടതുള്ളു. ഈ യോഗ്യതകളുള്ളവർ ഏതു കാലത്തും സഭയെ നയിക്കുവാൻ പ്രാപ്തരായിരിക്കും. കാലം മാറുന്നതനുസരിച്ച് പ്രവർത്തന ശൈലികളിലും സമീപനങ്ങളിലും മാറ്റങ്ങൾ വരുത്തേണ്ടതാവശ്യംതന്നെ. എങ്കിലും അടിസ്ഥാന സ്വഭാവങ്ങൾ മേല്പറഞ്ഞവ തന്നെയായിരിക്കണം. ആത്മീയത, ജ്ഞാനം, സാക്ഷ്യം എന്നീ മൂന്നു ഗുണവിശേഷണങ്ങളും ഒരു വ്യക്തിയെ സ്ഥാനമോഹങ്ങളിൽ നിന്നു പിന്തിരിപ്പിക്കുന്നവയാണ്. അതിനാൽ ഈ ഗുണങ്ങളുള്ള വ്യക്തികൾക്ക് രാഷ്ട്രീയക്കാരെപ്പോലെ പ്രചാരണം നടത്തുവാനോ പണവും സ്വാധീനവുമുപയോഗിച്ച് സ്ഥാനം നേടുവാനോ സാധിക്കയില്ല. പദവികളിലും സ്ഥാനങ്ങളിലും ആകൃഷ്ടരാകാതെ മാറി നിന്നവരിൽ നിന്ന്, മേല്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടവരാണ് കേരളത്തിലെ സഭകളുടെ ചരിത്രത്തിൽ മാതൃകാപരമായി അദ്ധ്യക്ഷസ്ഥാനം വഹിച്ചിട്ടുള്ളതെന്നു കാണുവാൻ കഴിയും. അത്തരമാളുകളെ കണ്ടെത്തി അദ്ധ്യക്ഷസ്ഥാനത്തേക്കുയർത്തുവാൻ സഭയ്ക്കു കഴിയണം. ❖

# ദൈവേഷ്ടം തിരിച്ചറിയണം

**ഫാ. ഡോ. കെ. എം. ജോർജ്ജ്**

1. മലങ്കര അസോസ്യേഷൻ സഭയുടെ ആത്മീക സംഗമമാണ്. സഭയിലെ മേൽപട്ടക്കാർ എല്ലാവരുടെയും സാന്നിദ്ധ്യവും പട്ടക്കാർ, വിശ്വാസികൾ എന്നിവരുടെ പ്രാതിനിത്യവും ഉള്ളതുകൊണ്ട് അതിന് സഭാ സുന്നഹദോസിന്റെ സ്വഭാവം കൈവരുന്നു. അതിന്റെ ആത്മീക ദൗത്യം ഉരിത്തിരിയുന്നത് ഈ സുന്നഹദോസീയമായ സ്വഭാവത്തിൽ നിന്നാണ്. അതിനെ രാഷ്ട്രീയ തലത്തിലുള്ള വെറുമൊരു ജനപ്രതിനിധി സഭയായി ഒരിക്കലും കരുതരുത്.

2. മെത്രാന്മാരെ തെരഞ്ഞെടുക്കുക എന്നത് അസോസ്യേഷന്റെ അതിവിശുദ്ധമായ ധർമ്മങ്ങളിലൊന്നാണ്. നല്ല ഇടയനായ നമ്മുടെ കർത്താവിന്റെ മാതൃകയിൽ സഭയെ നയിക്കുകയും സഭയ്ക്ക് വേണ്ടി തന്റെ ജീവനെ നൽകുകയും ചെയ്യേണ്ടവനാണ് എപ്പിസ്ക്കോപ്പാ. വിശുദ്ധമായ ജീവിതവും ജ്ഞാനവും വിനയവും ത്യാഗബോധവുമുള്ള ഇടയന്മാരെയാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. സ്ഥാനമോഹികളും ദുർവൃത്തരും ആ സ്ഥാനത്തേക്ക് തള്ളിക്കേറുവാൻ നടത്തുന്ന ശ്രമങ്ങളെ അസോസിയേഷൻ അംഗങ്ങൾ തിരിച്ചറിയണം. തെരഞ്ഞെടുപ്പ് നീതിപൂർവ്വവും ആത്മീകവുമായ ഒരു സംഭവമാക്കുവാൻ വേണ്ട സംവിധാനമൊരുക്കുന്നതിന് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനും അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റിക്കും അധികാരവും ചുമതലയുമുണ്ട്.

3. നമ്മുടെ രാജ്യത്തിന്റെ രാഷ്ട്രീയ സംവിധാനത്തിൽ ജനങ്ങളാണ് ആത്യന്തികമായി തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത്. ആ തെരഞ്ഞെടുപ്പിൽ ജനങ്ങളെ ആരെങ്കിലും അമിതവും വ്യാജവുമായ പ്രചരണം, പണം, സ്വാധീനം, അധികാരം, ഭീഷണി എന്നിവകൊണ്ട് വഴിതെറ്റിക്കാതിരിക്കുവാൻ വേണ്ടിയാണ് വിപുലമായ അധികാരങ്ങൾ ഉള്ള ഇലക്ഷൻ കമ്മീഷൻ, നീതിന്യായ കോടതികൾ, പോലീസ് വകുപ്പ് എന്നിവയുള്ളത്. അവ ജാഗ്രതയോടെ പ്രവർത്തിച്ചാൽ മാത്രമേ തെരഞ്ഞെടുപ്പു നീതിപൂർവ്വകമാകൂ. സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവരും ക്രിമിനൽ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരും സ്വഭാവശുദ്ധിയില്ലാത്തവരും തെരഞ്ഞെടുക്കപ്പെടാതിരിക്കാൻ ഇലക്ഷൻ കമ്മീഷൻ ജാഗ്രത പുലർത്തുന്നുണ്ട്. വെറും ഭൗതിക സ്ഥാനങ്ങളിലേക്കുള്ള ജനപ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ ഇത്രയധികം ഉന്നതമായ ആദർശങ്ങളും പെരുമാറ്റ ചട്ടങ്ങളും സത്യവാങ്മൂലവും നിയന്ത്രണങ്ങളും രാഷ്ട്രീയ സംവിധാനത്തിലുണ്ടെങ്കിൽ, ആത്മീയ സ്ഥാനങ്ങളിലേക്ക് ഇടയന്മാരെയും മറ്റു നേതാക്കളെയും തെരഞ്ഞെടുക്കുവാൻ ദൈവേഷ്ടം തേടുന്ന ക്രിസ്തീയ സഭ എത്രമാത്രം ജാഗരൂകത പുലർത്തണം?

**വെറും ഭൗതിക സ്ഥാനങ്ങളിലേക്കുള്ള ജനപ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ ഇത്രയധികം ഉന്നതമായ ആദർശങ്ങളും പെരുമാറ്റ ചട്ടങ്ങളും സത്യവാങ്മൂലവും നിയന്ത്രണങ്ങളും രാഷ്ട്രീയ സംവിധാനത്തിലുണ്ടെങ്കിൽ, ആത്മീയ സ്ഥാനങ്ങളിലേക്ക് ഇടയന്മാരെയും മറ്റു നേതാക്കളെയും തെരഞ്ഞെടുക്കുവാൻ ദൈവേഷ്ടം തേടുന്ന ക്രിസ്തീയ സഭ എത്രമാത്രം ജാഗരൂകത പുലർത്തണം?**

4. മലങ്കര അസോസ്യേഷൻ വെറും രാഷ്ട്രീയ അർത്ഥത്തിലുള്ള ഒരു ജനപ്രതിനിധി സഭയല്ല. സഭയെക്കുറിച്ചുള്ള ദൈവോദ്ദേശ്യം വിവേചിച്ചറിയുവാനുള്ള പരിമിതമായ മാർഗ്ഗങ്ങളിലൊന്നാണ്. അവിടെ വ്യക്തികളുടെ വോട്ടുകൊണ്ടു മാത്രം ദൈവേഷ്ടം വ്യക്തമാകണമെന്ന് നിർബന്ധമില്ല. കാരണം വ്യാജപ്രചരണം, പണം, എതിരാളികളുടെ തേജോവധം, തുടങ്ങിയ കുൽസിത മാർഗ്ഗങ്ങളിലൂടെ അസോസ്യേഷൻ അംഗങ്ങളുടെ വോട്ട് മറിക്കാൻ കഴിയും (ഇപ്പോൾ തന്നെ നിർഭാഗ്യവശാൽ ചില 'സ്ഥാനാർത്ഥികൾ' അങ്ങനെ തീർത്തും അധാർമ്മികമായ പ്രചരണം ആരംഭിച്ചിട്ടുണ്ട്.) അതുകൊണ്ടാണ് എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അംഗീകാരം മെത്രാൻ തെരഞ്ഞെടുപ്പിൽ അനുപേക്ഷണീയമായത്. അതുപോലെ തന്നെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ മാർഗ്ഗനിർദ്ദേശങ്ങളും മാനേജിംഗ് കമ്മറ്റിയുടെ സംവിധാനങ്ങളും സഭ ഗൗരവപൂർവ്വം പരിഗണിക്കേണ്ടതാണ്.

5. കർത്താവിനെ ഒറ്റിക്കൊടുത്ത് അപ്പോസ്തോലിക സംഘത്തിൽ നിന്നും പുറത്തുപോയ യൂദായ്ക്കു പകരം ഒരാളെ തെരഞ്ഞെടുക്കേണ്ടി വന്നപ്പോൾ അപ്പോസ്തോലന്മാർ ആദ്യമേ രണ്ടു പേരുടെ ഒരു പാനൽ ഉണ്ടാക്കി. യുസ്തൊസ്, മത്ഥിയാസ് എന്നിവർ പാനലിൽ വന്നു. രണ്ടു പേരിൽ ആര് തെരഞ്ഞെടുക്കപ്പെട്ടാലും അത് സഭയ്ക്ക് സമ്മതമായിരുന്നു. കാരണം, രണ്ടുപേരും സമയോഗ്യതയുള്ളവരായിരുന്നു. ഈ പാനലാണ് പരിശുദ്ധാത്മാവിന്റെ അന്തിമ തീരുമാനത്തിനായി

ശേഷം 16-ാം പേജിൽ



# മേല്പട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ

**(2004 ഫെബ്രുവരി 23–27 വരെ കോട്ടയം സോഫിയാ സെന്ററിൽ വച്ചു കൂടിയ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ – മെത്രാൻ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച – മാർഗ്ഗ നിർദ്ദേശങ്ങൾ)**

ആടുകൾക്കു വേണ്ടി ജീവൻ കൊടുത്ത നല്ല ഇടയനായ നമ്മുടെ കർത്താവിന്റെ മാതൃകയിൽ സഭയെ ത്യാഗപൂർവ്വം സ്നേഹിച്ചും പരിപോഷിപ്പിച്ചും ജനങ്ങളെ രക്ഷയിലേക്കു നയിക്കുന്നതിനാണ് അപ്പോസ്തോലന്മാർ എപ്പിസ്ക്കോപ്പന്മാരെ നിയമിച്ചാക്കിയത്. ആ വലിയ ഉദ്ദേശം സാധിച്ചെടുക്കുന്നതിനായി മലങ്കര ഓർത്തഡോക്സ് സഭയിൽ മേല്പട്ട സ്ഥാനത്തേക്ക് വ്യക്തികളെ തിരഞ്ഞെടുക്കുമ്പോൾ പരിഗണിക്കേണ്ട ചില പ്രധാന യോഗ്യതകൾ താഴെ ചേർക്കുന്നു.

1. എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആൾ 45 വയസ്സിൽ കുറയാതെയും 55 വയസ്സിൽ കൂടാതെയും പ്രായമുള്ള ആളും ശരീരാവയവങ്ങൾക്ക് സാരമായി വൈകല്യം ഇല്ലാത്തവനും മാനസിക പക്വതയുള്ളവനും അവിവാഹിതനും സത്യവിശ്വാസിയുമായ സഭാംഗമായിരിക്കണം. കഴിയുന്നിടത്തോളം പുതുതായി സഭയിൽ ചേർന്ന ആൾ ആയിരിക്കരുത്. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയുടെ കുടുംബാംഗങ്ങൾ എല്ലാവരും ഓർത്തഡോക്സ് വിശ്വാസികൾ ആയിരിക്കുന്നത് അഭിലഷണീയമാണ്.

2. പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ പാരമ്പര്യമനുസരിച്ച് എപ്പിസ്ക്കോപ്പ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ആൾ ഒരു സന്യാസ സമൂഹത്തിലെ അംഗമായി ദീർഘകാലപരിശീലനം ഉള്ള ആൾ ആയിരിക്കണം. എന്നാൽ മലങ്കര ഓർത്തഡോക്സ് സഭയിൽ ദയറാക്കാരനല്ലാത്ത അവിവാഹിത പട്ടക്കാരിൽ നിന്നും എപ്പിസ്ക്കോപ്പന്മാരെ തെരഞ്ഞെടുക്കുന്നുണ്ട്. ദയറാക്കാരനായാലും അല്ലെങ്കിലും പ്രാർത്ഥനാ ജീവിതവും തപോനിഷ്ഠയിലും സുശിക്ഷിതമായ ജീവിതത്തിലും സാമാന്യം പുരോഗമിച്ചിട്ടുള്ളവരെ മാത്രമേ മേല്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കാവൂ. ദയറാക്കാരനല്ലാത്ത ഒരാൾ തിരഞ്ഞെടുക്കപ്പെടുകയും ആയത് സുന്നഹദോസ് അംഗീകരിക്കുകയും ചെയ്യുന്ന പക്ഷം കഴിയുന്നതും വേഗം ദയറോയൂസോ വസ്ത്രം സ്വീകരിക്കുകയും, സുന്നഹദോസ് നിശ്ചയിക്കുന്ന ഒരു കാലയളവ് ഒരു ദയറായിൽ സുപ്പീരിയറുടെ ശിക്ഷണത്തിൽ ജീവിക്കേണ്ടതുമാണ്.

3. ദയറാക്കാരനായാലും അല്ലെങ്കിലും ഒരിടവക നല്ലവണ്ണം ഭരിച്ച് പരിചയമുള്ള വൈദികനെ മേല്പട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുന്നത് അഭിലഷണീയമാണ്. ഒരു എപ്പിസ്ക്കോപ്പാ ജനങ്ങളെ ആദ്ധ്യാത്മീക ജീവിതത്തിൽ നയിപ്പാനും അവർക്ക് ദിവ്യോപദേശം നൽകാനും സത്യ വിശ്വാസത്തിൽ ഉറപ്പിക്കാനും കഴിവുള്ള ആൾ ആയിരിക്കണം. മനുഷ്യരോട് സ്നേഹവും സ്വഭാവശുദ്ധിയും നേതൃത്വശക്തിയും ഭരണസാമർത്ഥ്യവും, ഭരണപരിചയവും ഉള്ളവരേ തിരഞ്ഞെടുക്കുന്നത് അത്യുത്തമം. സഭയുടെ പാരമ്പര്യങ്ങളേയും കാനോനാകളേയും മാനിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുന്നവരായിരിക്കണം മേല്പട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ.

4. അഗാധവും സുശിക്ഷിതവുമായ പ്രാർത്ഥനാ ജീവിതം ഉണ്ടായിരിക്കുന്നതിനോടൊപ്പം ജനങ്ങളെ ദൈവാരാധനയിൽ ഭംഗിയായി നയിക്കാനുള്ള കഴിവും ഒരു എപ്പിസ്ക്കോപ്പൽ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് ഉണ്ടായിരിക്കേണ്ടതാണ്. പ്രാർത്ഥനയിൽ കൂടിയുള്ള ആത്മീയ ശക്തിയാണ് ഒരു മെത്രാപ്പോലീത്തായ്ക്ക് ആവശ്യമായിട്ടുള്ളത്.

5. എപ്പിസ്ക്കോപ്പാ സഭയുടെ ഗുരു ആയതുകൊണ്ട് സത്യവിശ്വാസത്തിൽ അടിയുറച്ചു നില്ക്കുന്ന ആളും അപ്പോസ്തോലിക വിശ്വാസത്തേയും പാരമ്പര്യത്തേയും അന്യൂനമായി പാലിക്കുകയും അത് ജനങ്ങളെ പഠിപ്പിക്കുവാൻ കഴിവുള്ളവനും ആയിരിക്കണം. സർവ്വകലാശാലാ ബിരുദവും, അടിസ്ഥാന വേദശാസ്ത്ര വിദ്യാഭ്യാസവും ഓർത്തഡോക്സ് വേദശാസ്ത്രത്തിൽ അവഗാഹവുമുള്ള ആളുമായിരിക്കണം.

6. ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള (അപ്പോ. 6:3) വരെയായിരുന്നു പ. ശ്ലീഹന്മാർ സഭാ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തത്. തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി പ്രവർത്തിച്ചിരുന്ന ഇടവകകൾ, സ്ഥാപനങ്ങൾ മുതലായ ഇടങ്ങളിൽ സംശയരഹിതമായ സാക്ഷ്യം അടുത്ത് ഇടപെടുന്ന ജനങ്ങളിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും ലഭിച്ച ആൾ ആയിരിക്കണം. മനുഷ്യസ്നേഹം രഹസ്യവും പരസ്യവുമായ ജീവിതത്തിന്റെ വിശുദ്ധി, സമൂഹത്തിന്റെ പൊതു നന്മയെക്കുറിച്ചുള്ള താല്പര്യം പാവങ്ങളോടും ദുഃഖിതരോടുമുള്ള കരുണ, ലളിത ജീവിതം എന്നിവ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയുടെ മുഖ്യ സ്വഭാവഗുണങ്ങൾ ആയിരിക്കണം.

7. പ്രസ്തുത യോഗ്യതകളുള്ള

# ബാലസഭ

## നടവഴികൾ...

### അക്ഷരപൂജ

വളഞ്ഞു തിരിഞ്ഞു പോകുന്ന മലയോര പാതയിലെ മൈൽ കുറ്റിയുടെ മുകളിൽ തങ്കബാലു ഇരുന്നു. താഴെ കണ്ണെത്താ ദൂരത്തോ കാപ്പിത്തോട്ടം! ഈ കോഫീ എസ്റ്റേറ്റിൽ കയറുന്ന കാലികളെ ഓടിക്കാനും തോട്ടം സൂക്ഷിക്കാനുമാണ് തങ്കബാലു നിയമിതനായിരിക്കുന്നത്. അടിപേടിച്ച് നേരത്തേ തന്നെ സ്ക്കൂൾ പഠനം നിർത്തിയതിനാൽ അക്ഷരം കൂട്ടി വായിക്കാൻ പോലും അവനു പ്രയാസമാണ്.

ദൂരെ നിന്നും വീശിയിറങ്ങുന്ന തണുത്ത കാറ്റ്.. കട്ടിയുള്ള ഷാളും തലപ്പാവും വച്ചിട്ടുണ്ടെങ്കിലും ശരീരം തുളച്ചു കയറുന്ന തണുപ്പ്. ദൂരെ നിന്നും മലചുറ്റി വരുന്ന ഒരു സ്ക്കൂൾ ബസ്. അത് പതിയെ കോഫീ എസ്റ്റേറ്റിന്റെ ഗേറ്റിന് അല്പം അകലെ നിറുത്തി. പാട്ടും കൂത്തുമായി കുട്ടികൾ ചാടിയിറങ്ങി. പാതയോരത്തിരുന്ന് അവർ കൊണ്ടു വന്ന ഭക്ഷണം കഴിക്കുവാൻ തുടങ്ങി. മസാല പുരട്ടിയ ഭക്ഷണസാധനങ്ങളുടെ ഗന്ധം കാറ്റിലൂടെ അവന്റെയരികിലെത്തി. അവൻ എഴുന്നേറ്റ് താഴേക്കിറങ്ങാൻ ഭാവിച്ചപ്പോൾ പിന്നിലൊരു വിളി.

"അങ്കിൾ....."

അഞ്ച്-ആറ് വയസു തോന്നിക്കുന്ന ഒരു കുഞ്ഞിത്തൊപ്പിക്കാരൻ, തങ്കബാലു കൗതുക പൂർവ്വം തിരിഞ്ഞുനോക്കി.

പേരെന്താ? കുഞ്ഞിത്തൊപ്പിക്കാരൻ പുഴുപ്പല്ലുകാട്ടി ചിരിച്ചു ചോദിച്ചു "തങ്കബാലു" അവൻ മറുപടി പറഞ്ഞു.... തങ്കബാലു തന്റെ കറുത്തിരുണ്ട ശരീരത്തിലേക്കും കുഞ്ഞിത്തൊപ്പിക്കാരനെയും മാറി മാറി നോക്കി.

"അയ്യേ എന്തൊരു കളറ് മാറ്റം" അവൻ ഉള്ളിൽ ചിരിച്ചു. കുഞ്ഞിത്തൊപ്പിക്കാരൻ മണികിലുക്കം പോലെ സംസാരിച്ചു തുടങ്ങി, ഓരോ കുട്ടികളായി അവന്റെയരികിൽ വന്നു. അതൊരു വലിയ കൂട്ടമായി. കൂട്ടത്തിലാരോ ഒരു വർണ്ണപുസ്തകം തങ്കബാലുവിനു നൽകി - കുറെ ഭക്ഷണ സാധനങ്ങളും.

സ്ക്കൂൾ ബസ് നീണ്ട ഹോൺ മുഴക്കി. കുട്ടികൾ ഓരോരുത്തരായി തിരികെ ബസ്സിൽ ഓടിക്കയറി. ഇതിനിടയിൽ തങ്കബാലു കുഞ്ഞിത്തൊപ്പിക്കാരനോടു ചോദിച്ചു "കുട്ടന്റെ പേരെന്താ?"

"അനന്ദു... ഇതെന്റെ പെങ്ങൾ ആർച്ച... അവൻ പോക്കറ്റിൽ കിടന്ന ഒരു ചോക്ലേറ്റ്ബാർ തങ്കബാലുവിനു നൽകി, ആർച്ചയെയും കൂട്ടി തിരികെ ബസിലേക്ക് ഓടി."

*ബസ്സിനുള്ളിൽ നിന്നും അനേകം കൈകൾ തങ്കബാലുവിന്റെ നേർക്കു വീശി. താഴെ വളവു തിരിയും വരെ കുഞ്ഞു മുഖങ്ങളും കുഞ്ഞു കൈകളും ആ ക്രിയ തുടർന്നു.*

ചോക്ലേറ്റ് ബാർ നുണഞ്ഞുകൊണ്ട് തങ്കബാലു വർണ്ണ പുസ്തകം തുറന്നു നോക്കി. ഉറുമ്പിഴയുന്നതുപോലെ അക്ഷരങ്ങൾ... അവന് സങ്കടം തോന്നി. കണക്കെഴുതാൻ അറിയാമായിരുന്നെങ്കിൽ തനിക്ക് മറ്റൊരു നല്ല ജോലി ലഭിച്ചേനേ. അക്ഷര ദേവതയെ ഉപേക്ഷിച്ച് ജോലിക്കിറങ്ങിയ അവന് അന്നാദ്യമായി പശ്ചാത്താപം തോന്നി.

ഇനി സ്ക്കൂളിൽ പോകാനൊക്കില്ലെങ്കിലും ബാലപാഠവും എഞ്ചുവടിയും വാങ്ങി സ്വന്തമായി പഠിക്കണം. അവൻ മനസ്സിലുറച്ചു. അനന്ദുവും ആർച്ചയും നല്കിയ സൗഹൃദത്തിന്റെ ഓർമ്മയിൽ അവന്റെ കൺകോണിൽ നിന്നും ഒരു തുള്ളി കണ്ണീർ ആദ്യക്ഷര പൂജയായ് ആ വർണ്ണപുസ്തകത്തിൽ പതിഞ്ഞു. തണുത്ത കാറ്റ് വീശിക്കൊണ്ടിരുന്നു.

**തോമസ് പി. ശെമ്മാശ്ശൻ, കൊട്ടാരക്കര**

## കൂട്ടുകാരുടെ രചനകൾ



നീതു എലിസബേത്ത് തോമസ്,
പടിഞ്ഞാറേത്തെരുവ്

### ഇത് എന്താണ്?

മൂന്ന്
വലിയ
ശ്ലീഹാ
ശൂനോയോ
യൽദോ



പ്രിയപ്പെട്ട കൊച്ചുകൂട്ടുകാരേ,

വിദ്യാർത്ഥികളെ സംബന്ധിച്ച് മാർച്ച് മാസം പരീക്ഷയുടെ കാലമാണല്ലോ. വാർഷിക പരീക്ഷയ്ക്കായി എല്ലാവരും ഒരുങ്ങിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. പരീക്ഷയ്ക്ക് ഒരാഴ്ചമുൻപുതന്നെ പാഠപുസ്തകങ്ങളും നോട്ടുകളും ആവർത്തിച്ച് വായിച്ചിരിക്കണം. ആശയങ്ങൾ ഓർമ്മിച്ചെടുക്കത്തക്കരീതിയിൽ കുറിപ്പുകൾ തയ്യാറാക്കണം. സംശയമുള്ള ഭാഗങ്ങൾ പ്രത്യേകമെഴുതി അദ്ധ്യാപകരോട് ചോദിച്ച് മനസ്സിലാക്കണം. പരീക്ഷയുടെ തലേദിവസം വിശ്രമത്തിനുള്ളതാണ്. അന്നത്തെ ദിവസം പഠിക്കാനാരംഭിച്ചാൽ ഒന്നും മനസ്സിലാകയില്ല. ഉൽക്കണ്ഠ വർദ്ധിക്കുവാനിടയാകും. ദൈവികമായ ചിന്ത മനസ്സിലുണ്ടാകണം. താൻ പാതി ദൈവം പാതി എന്നാണല്ലോ ചൊല്ല്. പരീക്ഷ തുടങ്ങുന്നതിന് അര മണിക്കൂർ മുൻപുതന്നെ പരീക്ഷാ ഹാളിൽ എത്തണം. ഉത്തരങ്ങൾ എഴുതുന്നത് ചോദ്യങ്ങളുടെ മാർക്കനുസരിച്ചാകണം. അനുവദിച്ചിരിക്കുന്ന സമയത്തിന് അഞ്ചുമിനിട്ട് മുൻപ് എഴുതിത്തീർത്ത് ഉത്തരക്കടലാസ് ഒരാവർത്തി വായിച്ച് തെറ്റുകൾ തിരുത്തണം. ചോദ്യം നന്നായി വായിക്കുകയും അതിനനുസരിച്ച് ഉത്തരമെഴുതുകയും ചെയ്യണം തെളിഞ്ഞ മനസ്സോടെ ക്രമമായി പഠിക്കുക. എല്ലാവർക്കും നല്ല പരിക്ഷാക്കാലം ആശംസിക്കുന്നു.

**ആത്മാവിന്റെ ഫലങ്ങൾ**

പാഠം 3

**സമാധാനം:**

സമാധാനം ആഗ്രഹിക്കാത്തത് ആരാണ്? വ്യക്തിജീവിതം, കുടുംബം, സമൂഹം ഇവയിലെല്ലാം സമാധാനം ആവശ്യമാണ്. ആഴക്കടലിൽ നിയന്ത്രണം നഷ്ടപ്പെട്ട കപ്പലിന് തുല്യമാണ് സമാധാനമില്ലാത്ത ജീവിതം. ഗിരിപ്രഭാഷണം കൂട്ടുകാർ വായിച്ചിട്ടുണ്ടാകുമല്ലോ. അതിൽപ്പറയുന്നു. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാൻമാർ: അവർ ദൈവത്തിന്റെ പുത്രൻമാരെന്ന് വിളിക്കപ്പെടും" (വി. മത്തായി 5:9)

കുഞ്ഞുങ്ങളായ നമ്മുടെ ലക്ഷ്യം സമാധാനമുണ്ടാക്കുക എന്നതാണ്. അതുവഴിയായി നമുക്ക് ദൈവപുത്രൻമാരാകുവാൻ കഴിയും. യേശുവിന്റെ ജനന സമയത്ത് ലോകത്തിന് ലഭിച്ച സന്ദേശം സമാധാനത്തിന്റേതാണ്. അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം( വി. ലൂക്കോസ് 2:14). അതുപോലെ ഈ ലോകത്തിലെ നമ്മുടെ സാന്നിദ്ധ്യം സമാധാനമുണ്ടാക്കുന്നതാകണം.

നൻമയെ അംഗീകരിക്കുമ്പോൾ, മറ്റുള്ളവരെ ആദരിക്കുമ്പോൾ, അന്യരുടെ ദുഃഖങ്ങളിൽ സ്വാന്ത്വനമാകുമ്പോൾ നമ്മൾ സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാകും. സമാധാനം തകർക്കുന്നവരായി ഞങ്ങൾ ജീവിതത്തിലൊരിക്കലും പ്രവർത്തിക്കില്ല എന്ന തീരുമാനം എടുക്കണം. ചൊട്ടയിലെ ശീലം ചുടലവരെ എന്നാണല്ലോ ചൊല്ല്. അനുദിന പ്രാർത്ഥനയിൽ ലോകത്തിന്റെയും, കുടുംബത്തിന്റെയും, സമൂഹത്തിന്റെയും, വ്യക്തികളുടെയും സമാധാനത്തിനായി പ്രാർത്ഥിക്കണം. ഇപ്രകാരം ദൈവത്തിന്റെ പുത്രൻമാരാകുവാൻ സാധിക്കും. പരിശുദ്ധാത്മാവ് എന്ന വൃക്ഷത്തിന്റെ മൂന്നാമത്തെ ഫലം ഏവർക്കും പുറപ്പെടുവിക്കാം. സമാധാനത്തിന്റെ പാതയിൽ യാത്ര ചെയ്യാം.

നിങ്ങളുടെ

**തരകൻ ശെമ്മാശൻ, തേവലക്കര**

## വചനപാത...

"യഹോവ ദാരിദ്ര്യവും ഐശ്വര്യവും നല്കുന്നു; അവൻ താഴ്ത്തുകയും ഉയർത്തുകയും ചെയ്യുന്നു"

1 ശമുവേൽ 2:7

## ബുദ്ധിമാൻ



# മലങ്കര അസോസ്യേഷനും മെത്രാൻ തെരഞ്ഞെടുപ്പും

## ആശങ്കയും അഭിലാഷവും

**സി. സി. ചെറിയാൻ (മാനേജിംഗ് കമ്മറ്റി മെമ്പർ)**

മലങ്കര ഓർത്തഡോക്സ് സഭയിൽ പുതുതായി ഏഴ് മേൽപ്പട്ടക്കാരെ തെരഞ്ഞെടുക്കുവാനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പല സ്ഥാനാർത്ഥികളും സജീവമായി പ്രചാരണ രംഗത്ത് ഉണ്ട്. സ്ഥാനാർത്ഥികളുടെ എണ്ണം അമിതമായതിനാൽ ഏഴു മെത്രാൻമാർ തെരഞ്ഞെടുക്കപ്പെടുമോ എന്ന സന്ദേഹവും ഇല്ലാതില്ല. ഇവിടെ പ്രബുദ്ധരായ മലങ്കര സഭാ മക്കൾ കൂടുതൽ വിവേകശാലികളും ഭാവിയെപ്പറ്റി വീക്ഷണമുള്ളവരുമായി മാറേണ്ട ആവശ്യത്തിന് കൂടുതൽ പ്രസക്തിയുണ്ട്.

അംഗസംഖ്യകൊണ്ടും പ്രതാപം കൊണ്ടും ഏറ്റവും മുന്നിൽ നിൽക്കുന്ന മലങ്കര സഭയുടെ ഇന്നത്തെ നില വളരെ ശോചനീയമാണ്. ലക്ഷ്യബോധവും ദീർഘവീക്ഷണവും ഇല്ലാത്ത പ്രവർത്തനങ്ങൾ, സ്വാർത്ഥ താല്പര്യത്തിനുവേണ്ടിയുള്ള നിയമനിർമ്മാണങ്ങൾ, അധികാരങ്ങളും സ്വത്തുക്കളും കൈവിടുവാനുള്ള വൈമനസ്യം, സ്വന്തം ആസ്ഥാനംവിട്ട് മറ്റൊരിടത്തേക്ക് മാറി സേവനം ചെയ്യുവാനുള്ള വൈമുഖ്യം താൽക്കാലിക വീക്ഷണത്തോടെയുള്ള ഭദ്രാസന രൂപീകരണം ഇവയെല്ലാം സഭയുടെ വളർച്ച മുരടിപ്പിച്ചു.

**സഭയ്ക്ക് ഇന്നത്തെ സാഹചര്യത്തിൽ തികച്ചും യോഗ്യരായ ഏഴു പിതാക്കന്മാരെ ലഭിക്കുവാനും അതിന് പരിശുദ്ധാത്മാവിന്റെ പ്രേരണാശക്തി ലഭിക്കുവാനും നമുക്ക് മുട്ടിപ്പായി പ്രാർത്ഥിക്കാം. ഇന്ന് സഭ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ഭാരവും ഭാവിയിൽ അനുഭവിക്കാതെ ഇരിക്കാൻ നാം വിവേക പൂർണ്ണമായ തിരുമാനങ്ങൾ എടുക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ നമ്മുടെ തിരുമാനം തെറ്റിപ്പോയാൽ നമ്മുടെ വരുംതലമുറയോടും ദൈവത്തോടും നാം കണക്ക് ബോധിപ്പിക്കേണ്ടി വരുമെന്നുള്ള ബോധം സഭാ മക്കളിൽ ഉണ്ടാകണം.**

വലിയ പ്രതീക്ഷയോടെ മുൻകാലങ്ങളിൽ തെരഞ്ഞെടുത്തു വിട്ടിട്ടുള്ള പല പിതാക്കന്മാരും പ്രതീക്ഷയ്ക്കൊത്ത് ഉയരുവാൻ കഴിഞ്ഞിട്ടില്ലാത്തത് സഭാ വിശ്വാസികളെ നിരാശരാക്കുന്നു.

വ്യക്തിജീവിതത്തിന്റെ പല സൗകര്യങ്ങളും വെടിഞ്ഞ് സഭയ്ക്കുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന പല വിശ്വാസികളും തങ്ങളെക്കാൾ വലുത് സഭ എന്ന ചിന്താഗതിയിൽ സഭയ്ക്കു വേണ്ടി ആത്മത്യാഗം ചെയ്യുമ്പോൾ ഇതു മനസ്സിലാക്കുവാനോ, ഇത്തരത്തിൽ പ്രവർത്തിക്കുവാനോ സഭാ നേതൃത്വത്തിനു കഴിയുന്നില്ല.

ഇന്ന് സഭയ്ക്കുണ്ടായിട്ടുള്ള പുരോഗമനവും വളർച്ചയും സഭയിലെ പരിശുദ്ധന്മാരായി കടന്നു പോയിട്ടുള്ള പിതാക്കന്മാരുടെ മദ്ധ്യസ്ഥതയും സാധാരണ ജനങ്ങളുടെ പ്രാർത്ഥനയും കണ്ണീരും സഹകരണവും കൊണ്ടു മാത്രമാണെന്ന സത്യം നേതൃത്വം വിസ്മരിക്കുവാൻ പാടില്ല.

യോഗ്യതയില്ലാത്തവരെ ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കരുതെന്ന് സമ്മതിദായകർ പ്രതിജ്ഞ എടുക്കണം. പ്രചാരണത്തിലും പരപ്രേരണയിലും വഞ്ചിതരായാൽ ആത് നമ്മുടെ സഭയോട ചെയ്യുന്ന ഏറ്റവും വലിയ പാതകമായിരിക്കും.

മുടിയും വടിയും സ്ലീബായും മാത്രം സ്വീകരിച്ചാൽ ധരിച്ചാൽ ഒരാൾ മെത്രാപ്പോലീത്താ ആകുമെന്നുള്ള ധാരണ തെറ്റാണ്. മാതൃകാപരമായ ജീവിതം, എല്ലാം ത്യജിച്ചുള്ള സമർപ്പണം, ഉത്തരവാദിത്വങ്ങളും, ചുമതലകളും വിശ്വസ്ഥതയോടും, നീതിയുക്തമായും നിർവ്വഹിക്കുവാനുള്ള കഴിവ്, ശരിയായ നേതൃത്വ പാടവം ഇതൊക്കെയാണ് നാം സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ.

ഓരോ ഇടവകയിലുമുള്ള അത്മായർ അവരുടെ പണവും, സമയവും, കഴിവും സഭയുടെയും ഇടവകയുടെയും പുരോഗമനത്തിനുവേണ്ടി യാതൊരു പ്രതിഫലവും ആഗ്രഹിക്കാതെ ചെലവഴിച്ച് പ്രവർത്തിക്കുമ്പോൾ മുഴുവൻ സമയ പ്രവർത്തകരായിരിക്കേണ്ട വൈദീകരും മെത്രാപ്പോലീത്തന്മാരും അവരുടെ ജീവിതവും, പ്രവർത്തനവും സഭയ്ക്കുവേണ്ടി എത്രമാത്രം ചെലവഴിക്കുന്നുവെന്ന് ആത്മ പരിശോധന ചെയ്യേണ്ടത് ആവശ്യമാണ്.

രാഷ്ട്രീയ നേതാക്കന്മാരെക്കാൾ അധികമായി സാധാരണ ജനങ്ങളെ വാഗ്ദാനങ്ങൾകൊണ്ടും അനുഗ്രഹങ്ങൾ കൊണ്ടും പ്രലോഭിപ്പിച്ച് വോട്ടു വാങ്ങി സ്ഥാനം സ്വീകരിച്ചിട്ടുള്ള പലരും ഭാവിയിൽ അവരവരുടെ പ്രവർത്തനങ്ങൾ എങ്ങനെയാണെന്ന് സ്വയം പരിശോധിക്കുന്നത് ഈ നോമ്പു കാലത്ത് പശ്ചാത്താപത്തിനു വഴി തുറന്നു കൊടുക്കും എന്നുള്ളതിൽ സംശയമില്ല. ഇത് ഭദ്രാസന കൗൺസിൽ അംഗങ്ങൾ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, പുരോഹിത, മഹാ പുരോഹിതന്മാർ, ആദ്ധ്യാത്മിക സംഘടനാ ഭാരവാഹികൾ ഇവർക്കെല്ലാവർക്കും ബാധകമാണ്.

ഈ അവസരത്തിൽ മലങ്കരസഭാ അസോസിയേഷൻ അംഗങ്ങളോട് എനിക്ക് ചിലത് പറയുവാനുള്ളത്:-

1. തെരഞ്ഞെടുപ്പിൽ തികച്ചും നിഷ്പക്ഷമായും, നീതിയുക്തമായും മാത്രം വോട്ടു ചെയ്യുവാൻ ശ്രദ്ധിക്കണം. വ്യക്തിബന്ധമോ, സ്നേഹബന്ധമോ, വീട്ടിൽ തിരക്കി വന്നതിന്റെ എണ്ണമോ ഒന്നും മാനദണ്ഡമാക്കരുത്.

2. സെമിനാരിപഠനവും, കുറഞ്ഞത് 10 വർഷം വൈദിക വൃത്തിയിൽ സേവനവും ഇടവക ഭരണത്തിൽ കഴിവ് തെളിയിച്ചിട്ടുള്ളവരും, യഥാസമയം തീരുമാനങ്ങൾ എടുക്കുവാൻ കഴിവുള്ളവരും ജനസമ്മതരുമായുള്ളവരെ തെരഞ്ഞെടുക്കണം.

3. ബാഹ്യമോടിയിൽ തിളങ്ങുന്നവരും സുഖലോലുപന്മാരും, ധനമോഹികളും, സ്വാർത്ഥ തല്പരരും സ്വന്ത കുടുംബത്തെ ഉയർത്തുവാൻ ശ്രമിക്കുന്നവരും ഈ സ്ഥാനത്തേക്കു വരുവാൻ അനുവദിക്കരുത്.

4. ചെറുപ്പം മുതൽ ജീവിതനിഷ്ഠയിലും, നോമ്പ്, പ്രാർത്ഥന, ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇവയിലും താല്പര്യമുള്ളവരായി വളർന്നവർ ആയിരിക്കണം.

5. ബിരുദമോ, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയോ ഇപ്പോൾ വഹിക്കുന്ന ചുമതലകളോ മാത്രം മാനദണ്ഡമാക്കരുത്. എന്നാൽ ഇവ അവഗണിക്കുകയുമരുത്.

6. സഭയിലെ സാധാരണ ജനങ്ങളിൽ ഇറങ്ങി സമ്പർക്കം പുലർത്തുന്നവരും അവരുടെ ആവശ്യങ്ങളിൽ സഹകരിക്കുന്നവരും ആയിരിക്കണം.

7. ഓരോ പ്രസ്ഥാനത്തിനോ, ആശ്രമത്തിനോ സംവരണം ചെയ്തിരിക്കുന്ന രീതി എടുത്തു മാറ്റണം. ഒരു ആശ്രമത്തിൽ നിന്നു തന്നെ കൂടുതൽ മെത്രാന്മാർ ഉണ്ടായി കഴിയുമ്പോൾ ഒരു പാരലൽ സഭയും, മിനി സിനഡും അവിടെ രൂപപ്പെടുകയും ഇവരുടെ തീരുമാനങ്ങൾ നിർണ്ണായകം ആകുകയും ചെയ്യുന്ന ഘട്ടം സംജാതമാകും. മാതൃഭവനത്തോടുള്ള കൂറ് സഭയോടുള്ളതിനേക്കാൾ കൂടുതലാകുന്നത് സഭയ്ക്ക് ദോഷം ചെയ്യും.

മെത്രാന്മാരായി തെരഞ്ഞെടുക്കപ്പെടുന്നവർക്കും ചില പെരുമാറ്റ ചട്ടങ്ങൾ ബാധകമാക്കേണ്ടതാണ്:

1. തെരഞ്ഞെടുക്കപ്പെട്ടാൽ പ്രഥമ സ്ഥാനദാനത്തിനു മുമ്പുതന്നെ തങ്ങളുടെ പ്രത്യക്ഷമോ, പരോക്ഷമോ ആയ എല്ലാ സ്വത്തുക്കളും സഭയുടെ പേരിൽ എഴുതി വയ്ക്കണം.

2. മത്സരാർത്ഥികൾ 45-നും 60-നും ഇടയ്ക്കു പ്രായമുള്ളവരും പരിപൂർണ്ണ ആരോഗ്യമുള്ളവരും ആയിരിക്കണം. സഭ നിശ്ചയിക്കുന്ന ഒരു മെഡിക്കൽ ടീമിന്റെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഈ ആവശ്യത്തിലേക്ക് ഏർപ്പെടുത്തേണ്ടതാണ്.

3. സഭാ നേതൃത്വനിരയിൽ നിന്നോ ആത്മായ നിരയിൽ നിന്നോ ഒരു തരത്തിലും നേരിട്ടോ, അല്ലാതെയോ ഉള്ള സമ്മർദ്ദം സ്ഥാനാർത്ഥി നിർണ്ണയത്തിൽ സ്വാധീനം ചെലുത്തുവാൻ പാടില്ല.

4. തെരഞ്ഞെടുപ്പുകഴിഞ്ഞാൽ പൊതു ട്രസ്റ്റ്, വ്യക്തി/കുടുംബപേരിലുള്ള ട്രസ്റ്റ്, മറ്റ് പ്രസ്ഥാനങ്ങളിൽ ഉള്ള ഔദ്യോഗിക ചുമതലകൾ ഇവയെല്ലാം വെച്ചൊഴിയുകയും വ്യക്തിപരമായ ട്രസ്റ്റ്/സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ സഭയ്ക്കു വേണ്ടി കൊടുക്കുകയും ചെയ്യണം.

5. ഓരോ സ്ഥാനാർത്ഥിയുടെയും, വ്യക്തിവിവരങ്ങൾ, ജീവിതരീതി, പ്രവർത്തനശേഷി സമൂഹവുമായുള്ള ബന്ധം ഇവയെല്ലാം സമ്മതിദായകരെ കാലേക്കൂട്ടി അറിയിക്കണം.

6. സ്വയമായോ, നിർബന്ധമായോ, പെൻഷൻ, സ്ഥലം മാറ്റം മുതലായവയ്ക്ക് യഥാ സമയങ്ങളിലുള്ള പൊതു തീരുമാനം സ്വീകരിക്കുവാനും നടപ്പിൽ വരുത്തുവാനും സഹകരിക്കും എന്നുള്ള സത്യവാങ്ങ് സ്ഥാനാഭിഷേകത്തിനു മുമ്പ് വാങ്ങിയിരിക്കണം.

(മുകളിൽ പറഞ്ഞിട്ടുള്ളതിൽ പലതും ഇപ്പോൾ നിലവിലുള്ള പിതാക്കന്മാർക്കും ബാധകമാക്കേണ്ടതാണ്.)

സഭയ്ക്ക് ഇന്നത്തെ സാഹചര്യത്തിൽ തികച്ചും യോഗ്യരായ ഏഴു പിതാക്കന്മാരെ ലഭിക്കുവാനും അതിന് പരിശുദ്ധാത്മാവിന്റെ പ്രേരണാശക്തി ലഭിക്കുവാനും നമുക്ക് മുട്ടിപ്പായി പ്രാർത്ഥിക്കാം. ഇന്ന് സഭ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ഭാരവും ഭാവിയിൽ അനുഭവിക്കാതെ ഇരിക്കാൻ നാം വിവേക പൂർണ്ണമായ തീരുമാനങ്ങൾ എടുക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ നമ്മുടെ തീരുമാനം തെറ്റിപ്പോയാൽ നമ്മുടെ വരുംതലമുറയോടും ദൈവത്തോടും നാം കണക്ക് ബോധിപ്പിക്കേണ്ടി വരുമെന്നുള്ള ബോധം സഭാ മക്കളിൽ ഉണ്ടാകണം.

സഭയുടെ ഭാവി, അതിന്റെ വളർച്ച, അതിന്റെ കെട്ടുറപ്പ്, മലങ്കര സഭയുടെ വ്യക്തിത്വവും അഭിമാനവും ഇതൊക്കെ ആയിരിക്കട്ടെ നമ്മുടെ ലക്ഷ്യം. നമ്മുടെ പ്രവർത്തനവും അവകാശവും അതിനായി വിനിയോഗിക്കാം.

സഭയ്ക്ക് നല്ല ഇടയന്മാരെ തരുവാൻ അനുദിനമുള്ള പ്രാർത്ഥനയിൽ നമുക്ക് മുട്ടിപ്പായി പ്രാർത്ഥിക്കാം. ❖


*Thank you St. Jude for Favours Granted*



Jacob George Chunkathil

Rachel Thomas, Niranam

Thomas Varghese & Family Chennerkara

സാഗർ ഏബ്രഹാം



## ഞായർദിന ചിന്തകൾ

ത്. ഈ അടയാളങ്ങളെ സുവിശേഷ ദൂതുമായി ബന്ധിപ്പിക്കുന്ന ഒരു ആഴമുള്ള ആവിഷ്ക്കരണ ശൈലി വി. യോഹന്നാനിൽ കാണാം. ഉദാഹരണത്തിന്, "ഞാൻ ജീവന്റെ അപ്പമാകുന്നു" എന്ന യേശുവിന്റെ വചനം പ്രത്യക്ഷപ്പെടുന്നത് അഞ്ചപ്പം കൊണ്ട് ജനക്കൂട്ടത്തെ തീറ്റി തൃപ്തിയാക്കിയ സംഭവത്തോടനുബന്ധിച്ചാണ്; "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്ന യേശുവിന്റെ വചനത്തെ ദൃഷ്ടാന്തപ്പെടുത്തുവാനാണ് പിറവിയിലെ കുരുടന്റെ സൗഖ്യപ്രാപ്തിയെക്കുറിച്ച് വിവരിക്കുന്നത്. ചുരുക്കത്തിൽ, യോഹന്നാനെപ്പോലെ, നമുക്കു ചുറ്റും, നമുക്കിടയിലും നടക്കുന്നതിലൊക്കെ ഒരു അടയാള ദർശനം ഉണ്ടാവുക എന്നത് നമുക്കും ആവശ്യമാണ്.

**2. ഒരുവൻ കാഴ്ചപ്രാപിക്കുന്നു; മറ്റൊരു കൂട്ടർ അന്ധരാവുന്നു**

ജന്മനാ അന്ധനായവന്റെ സൗഖ്യപ്രാപ്തിയെക്കുറിച്ചുള്ള വിവരണം വായിക്കുമ്പോൾ, അയാൾ ബാഹ്യമായി മാത്രം കാഴ്ച പ്രാപിക്കുകയല്ല എന്നു മനസ്സിലാകും. അവൻ പടിപടിയായി യേശു ആരാണെന്നു ദർശിക്കുന്നു. അവൻ ആദ്യം യേശുവിനെക്കുറിച്ച് "യേശു എന്നു പേരുള്ള മനുഷ്യൻ" (9:11) എന്നു പറയുന്നു. പിന്നീട് "അവൻ ഒരു പ്രവാചകൻ" (9:17) എന്നു സാക്ഷ്യപ്പെടുത്തുന്നു; പിന്നീട് യേശുവിനെ പരോക്ഷമായി ദൈവഭക്തനെന്നും ദൈവ ഇഷ്ടം ചെയ്യുന്നവൻ എന്നും അവൻ പറയുന്നു (9:31) അവസാനമായി അവൻ യേശുവിനെ ദൈവപുത്രൻ എന്നു തിരിച്ചറിഞ്ഞ് നമസ്ക്കരിക്കുന്നു. (9:38). ഇതേ സംഗതിയുടെ മറുവശം, കാഴ്ചയുള്ളവരുടെ ആത്മീയമായ അന്ധത വെളിപ്പെടുത്തുന്ന ഒരു ചരിത്രമായിട്ടും കാണുവാൻ കഴിയും. സൗഖ്യമായവനെ നേരിട്ടു കണ്ടിട്ടും, അവൻ പറയുന്നതു കേട്ടിട്ടും, അവന്റെ മാതാപിതാക്കളിൽ നിന്ന് ചോദിച്ചറിഞ്ഞിട്ടും, അവർ വിശ്വസിക്കുന്നില്ല. ഒടുവിൽ യേശു ഇപ്രകാരം പറയുകയും ചെയ്യുന്നു. "കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു" (9:39).

ഒരാളിന്റെ കാഴ്ച മറ്റൊരാളിന്റെ അന്ധതയായി മാറുന്നു. ഒരാളിന്റെ സുഖം മറ്റൊരാളിന്റെ ദുഃഖമായി മാറുന്നു, ഒരാളിന്റെ അംഗീകരണം മറ്റൊരാളിന്റെ തിരസ്ക്കരണമായി മാറുന്നു. ഇതിൽ എവിടെയാണ് ഓരോരുത്തരും എന്ന് സ്വയം പരിശോധിക്കുവാൻ ലഭിക്കുന്ന അവസരമാണ് പിറവിക്കുരുടന്റെ സൗഖ്യസംഭവം.

**3. ക്രിസ്തീയ കാര്യവിചാരകത്വം**

സഭാദിനത്തിന്റെ പ്രധാന താല്പര്യം, സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും സഭാ പ്രവർത്തനങ്ങൾക്കായി വരുമാനത്തിന്റെ ഒരു ഭാഗം നൽകുകയുമാണ്. ദൈവം തന്നിരിക്കുന്നതാണ് എല്ലാം എന്ന ബോധ്യത്തിൽ നിന്നാണ് ക്രിസ്തീയ കാര്യവിചാരകത്വം ഉടലെടുക്കുന്നത്. കാര്യവിചാരകത്വത്തെ സൂചിപ്പിക്കുന്ന ചില കുറിവാക്യങ്ങളാണ് ആവർത്തന 15:10, റോമർ 8:12, 9:6–7, 9:11–12 മുതലായവ

**ഏപ്രിൽ 4**

**ഓശാന ഞായർ (ബാലികാ ബാലദിനം)**

**1 യോഹ. 5:1–12, റോമർ 8:18–25; എഫേസ്യ. 6:1–24, യോഹ. 12:12–19**

ഓശാന അഥവാ ഹോശന്നാ എന്ന പദത്തിന് 'സ്തുതി എന്നും, 'രക്ഷ സമാഗതമായി' എന്നും അർത്ഥമുണ്ട്. സമാന്തര സുവിശേഷങ്ങളിൽ, വി. മത്തായി (21:1–17) പ്രവചന ഭാഗം ഉദ്ധരിച്ചുകൊണ്ട് (സഖറിയാ 9:9) അതിന്റെ പൂർത്തീകരണമായി യേശുവിന്റെ ഊർശലേം പ്രവേശത്തെയും വി. മർക്കോസ് (11:1–11) ദാവീദിന്റെ രാജ്യത്തിന്റെ പുനരാവിഷ്ക്കരണത്തെയും, വി. ലൂക്കോസ് (19:28–44) "ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും" എന്ന യേശുവിന്റെ മറുപടിയെയും ചേർത്തിരിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിനെ കണ്ടപ്പോൾ ജനത്തിനു തോന്നിയ സ്വാഭാവിക പ്രതികരണമായി അവനെ എതിരേറ്റതും, അതുകണ്ടപ്പോൾ യേശുവിന്റെ സ്വാഭാവിക പ്രതികരണമായി ചെറുകഴുതയുടെമേൽ കയറിയതും, ഇതു രണ്ടും കണ്ടപ്പോൾ പരീശന്മാർ "നമുക്ക്, ഒന്നും സാധിക്കുന്നില്ലല്ലോ, ലോകം അവന്റെ പിന്നാലെ ആയിപ്പോയി" എന്ന് പറഞ്ഞതും രേഖപ്പെടുത്തുന്നു.

1. ഹൃദയമാകുന്ന ഊർശ്ലേമിലേക്ക് യേശു പ്രത്യേകമായി എഴുന്നെള്ളുന്ന അനുഭവത്തോടെ കഷ്ടാനുഭവാചരണം സമാരംഭിക്കുന്നു.

യേശു ചെയ്ത വീര്യപ്രവൃത്തികളെയും, അടയാളങ്ങളെയും കുറിച്ചുള്ള സ്മരണ ശിഷ്യർക്ക് ഒരു ആവേശമായി പരിണമിച്ചു. ദൈവം യേശുവിൽ കൂടി നമുക്കു ചെയ്തിട്ടുള്ള നന്മകളെ ഓർത്ത് ആവേശത്തോടെ അവന് ഹോശന്നാ പാടുവാൻ നമുക്കിടയാകണം. "വാതിലുകളേ നിങ്ങളുടെ തലകളെ ഉയർത്തുവിൻ" എന്ന സങ്കീർത്തനം (24) ഇതിന്റെ സൂചനയായി കാണാം.

2. സൃഷ്ടിമുഴുവൻ ദൈവസന്നിധിയിൽ ആനന്ദിക്കുന്ന അനുഭവമാണ് ഓശാന

കുരുത്തോലയും, വസ്ത്രവും, കഴുതക്കുട്ടിയും, ശിഷ്യന്മാരും, ജനക്കൂട്ടവും എല്ലാം സ്രഷ്ടാവിന് ഹോശന്നാ പാടുന്ന ദൃശ്യം ദൈവരാജ്യ പൂർത്തീകരണത്തിന്റെ മുന്നാസ്വാദനമാണ്. സഭയിൽ എന്നും നടന്നുകൊണ്ടിരിക്കേണ്ട ആരാധനാനുഭവത്തിന്റെ ഒരു ചിത്രവും കൂടിയാണിത്.

3. കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യമുണ്ട്

ഓശാന, കർത്താവിന് ആവശ്യമുള്ളവരെ കണ്ടെത്തുന്ന സുദിനമാണ്. ദൈവവിളിയുടെ പ്രത്യേക പ്രഖ്യാപനം കൂടി ഓശാനയിൽ കേൾക്കുവാൻ ബാലികാബലന്മാർക്കു കഴിയട്ടെ.

4. യേശുവിന്റെ പിന്നാലെ ആയ ലോകം-അന്ന്; ലോകത്തിന്റെ പിന്നാലെ ആയ സഭ -ഇന്ന്

പരീശന്മാർ പരിതപിച്ചു: "നമുക്ക് ഒന്നും സാധിക്കുന്നില്ലല്ലോ. ലോകം അവന്റെ പിന്നാലെ ആയിപ്പോയി." അന്ന് യേശുവിന്റെ പിന്നാലെ പോയവരുടെ പിൻഗാമികൾക്ക് ഇന്ന് എന്തു സംഭവിച്ചിരിക്കുന്നു? എവിടെയെല്ലാം സഭയ്ക്ക് ഒന്നും സാധിക്കുന്നില്ല എന്ന അവസ്ഥ വരുന്നോ, അവിടെയെല്ലാം സഭ ലോകത്തിന്റെ പിന്നാലെ ആയിപ്പോയി എന്നുറപ്പാക്കാം.

**ഏപ്രിൽ 11**

**ഈസ്റ്റർ–ഉയിർപ്പുഞായർ**

**അപ്പോ. പ്ര. 2:22–36; 1 കൊരി. 15:1–19; മത്തായി 28:1-20**

"ക്യംതാ" എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'എഴുന്നേറ്റുള്ള നില്പ്' എന്നാണ്. കർത്തവേശുമിശിഹാ മരണത്തെയും സാത്താനെയും കീഴ്പ്പെടുത്തി ജയാളിയായി അവയെ ചവിട്ടിത്താഴ്ത്തിക്കൊണ്ട് എഴുന്നേറ്റു നിന്നതിനെ ഈ പദം സൂചിപ്പിക്കുന്നു. യേശുവിനോടുകൂടെ നാമും ഈ അനുഭവത്തിൽ പങ്കു ചേർന്ന് എഴുന്നേറ്റു നിൽക്കുന്നുവെന്ന് ഈ പദത്തിന് അനുബന്ധ സൂചനയുണ്ട്. അതുകൊണ്ടാണ് ഉയിർപ്പുപെരുന്നാൾ മുതൽ പെന്തിക്കോസ്തിവരെ എഴുന്നേറ്റുനിന്നുകൊണ്ട് (കുമ്പിടീലില്ലാതെ) ആരാധന നടത്തുന്നത്. 'ഇയസ്തറ' എന്ന പദം ക്രിസ്തുവിനു മുമ്പേ നടന്നിരുന്ന ഒരു റോമൻ വസന്തോത്സവത്തോടു ബന്ധപ്പെട്ടതാണ്. പ്രസ്തുത ഉത്സവത്തെ ക്രിസ്തീയമാക്കി പുതിയ അർത്ഥവും ആവിഷ്ക്കാരവും നൽകിയതോടെയാണ് "ഈസ്റ്റർ" ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ പെരുന്നാളായത്. ക്രൈസ്തവ ചരിത്രത്തിലെ ആദ്യപെരുന്നാൾ ഈസ്റ്റർ ആണ്. സമാധാനത്തിന്റെ വലിയ പെരുന്നാളും ഈസ്റ്റർ തന്നെ. പുരാതന സഭയിൽ വലിയ നോമ്പിൽ വിശ്വാസം പഠിക്കുന്നവർ, ഈസ്റ്റർ ദിനം മാമോദീസാ സ്വീകരിക്കുമായിരുന്നു. അവർ ഒരാഴ്ചക്കാലം, മാമോദീസായുടെ ശുഭ്രവും വെണ്മയുമായ വസ്ത്രം ധരിച്ചിരിക്കുന്നതിനെ സൂചിപ്പിക്കുവാനാണ്, ഈസ്റ്റർ ആഴ്ചയെ വെണ്മയുടെ (ഹോവോറെ) ആഴ്ചയെന്നു വിശേഷിപ്പിക്കുന്നത്.

1. ക്രിസ്തുവിനോടുകൂടെ ഉയിർത്തവർ-ഉയരത്തിലുള്ളത് അന്വേഷിക്കയും ചിന്തിക്കയും വേണം. (കൊലോസ്യർ 3:1–4).

2. ജീവന്റെ പുതുക്കത്തിൽ നടക്കുവാനുള്ള ഓർമ്മപ്പെടുത്തൽ ഈസ്റ്റർ നൽകുന്നു. (റോമർ 6:4–5)

3. ക്രിസ്തുവിൽ വിശ്വസിച്ചു വാങ്ങിപ്പോയവർ, ക്രിസ്തുവിന്റെ തേജസോടെ പുനരുത്ഥാനം പ്രാപിക്കും എന്നതിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെതന്നെ പുനരുത്ഥാനമത്രെ. (1 കൊരി. 15:12–19). "അപമാനത്തിൽ വിതെക്കപ്പെടുന്നു, തേജസ്സിൽ ഉയിർക്കുന്നു (1 കൊരി. 15:43).

❖

## ബൈബിൾ കടങ്കഥകൾ

**പി.വി. വർഗ്ഗീസ്, കരയാംപറമ്പ്**

ഇരുതാലന്ത് വെള്ളിയുമൊപ്പം വസ്ത്രവുമതിനായി
ഒരുവൻ ചെയ്തൊരു വഞ്ചന മൂലം ശാപവുമേറ്റൊടുവിൽ
കുഷ്ഠം ബാധിച്ചവനും തന്നുടെ മക്കൾക്കെല്ലാർക്കും
കഷ്ടം വന്നു ഭവിക്കാനിടയായെന്നൊരു കഥയുണ്ട്!
ഇത്തരമൊരു ഗതി വന്നതുമാർക്ക്! ശാപം നൽകിയതാർ?
ഉത്തരമുണ്ടേ രണ്ടാം രാജാവഞ്ചിരുപത്തേഴിൽ.

മരുഭൂമിയതിൽ ചൂരച്ചെടിയുടെ കീഴിലുറങ്ങിയൊരാൾ
ഒരു ദൂതൻ വന്നവനെയുണർത്തി നൽകീ ഭക്ഷണമായ്
കനലിൽ ചുട്ടൊരടയതുമല്പം ജലവും കൊണ്ടവനും
തന്നെ നടന്നതുനാല്പതുരാപകൽ വിശ്രമമില്ലാതെ
ചൊന്നീടാമോ ദൂതൻ ഭക്ഷണ മേകിയ താർക്കാണ്?
ഒന്നാം രാജാ പത്തൊൻപതിലെയഞ്ചു മുതൽ കാണാം

*For Favours Received*



Cyril B. Kirian
Bharuch

## വൈവാഹികം

കുവൈറ്റിൽ B.S.c. Nurse ആയി ജോലി ചെയ്യുന്നതും ആഗസ്റ്റ് പകുതിയോടെ അവധിയിൽ വരുന്നതുമായ ഓർത്തഡോക്സ് യുവതിയ്ക്ക് (26 1/2 വയസ്സ്, 5'3'' പൊക്കം, വെറുത്ത നിറം) അനുയോജ്യമായ വിവാഹാലോചനകൾ ബയോഡേറ്റാ സഹിതം ക്ഷണിച്ചുകൊള്ളുന്നു. കുവൈറ്റിൽ ജോലിയുള്ളവർക്ക് മുൻഗണന.

*Contact:-*

**M. V. VARGHESE**
**MALIECKAL**
**PIRAVAM P.O., ERNAKULAM-686664**
**PH: 2242433**

ലേഖനം

ബിജു മാത്യു, പട്ടാഴി, (നാഗപ്പൂർ സെമിനാരി)

# ക്രിസ്ത്യാനിയും കഷായവും

കഷായം എന്നു കേൾക്കുമ്പോൾത്തന്നെ നമ്മുടെ ചിന്താധാരയിൽ പോലും ഒരു കയ്പ് അനുഭവപ്പെടുന്നു. ഒരു കാലത്ത് മനുഷ്യജീവിതത്തിന്റെതന്നെ ഒരു ഭാഗമായിരുന്ന കഷായം ഇന്ന മുത്തശ്ശിക്കഥകളിൽ സ്ഥാനം പിടിച്ചു വരുന്നു. പക്ഷേ കഷായത്തിന്റെ ഗുണങ്ങളെ അതനുഭവിച്ചവരാരുംതന്നെ ഒരു നാളും മറക്കുമെന്നു തോന്നുന്നില്ല. ഇതെല്ലാം ശരി, കഷായവും ക്രിസ്തീയ ജീവിതവുമായിട്ടെന്തു ബന്ധം? ഒരു ക്രിസ്ത്യാനിയുടെ ആത്മീയ ജീവിതാനുഭവത്തെ കഷായാനുഭവവുമായി ബന്ധിപ്പിക്കുകയാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

### വി. വേദപുസ്തകം-കഷായ കുറുപ്പടി

ക്രിസ്തീയ ജീവിതം കഷായംകുടിയോടു തുലനം ചെയ്താൽ അതു മുഴുവനും കഷ്ടതയും കൈപ്പുമാണെന്നു നാം ചിന്തിച്ചേക്കാം. കഷായം കുടിക്കുന്ന ഒരു നിമിഷം അല്പം കയ്പ്പുരസം തോന്നിയേക്കുമെങ്കിലും അതു നൽകുന്ന സ്ഥിരമായ സൗഖ്യവും ബലവും ഒരിക്കലും മറച്ചുവയ്ക്കാൻ കഴിയില്ല. ക്രിസ്തീയ ജീവിതത്തിനു ശക്തിയും ഓജസ്സും നൽകുന്ന കഷായത്തിന്റെ കുറുപ്പടി-വി. വേദപുസ്തകമാണ്. മനുഷ്യജീവിതത്തിലെ എല്ലാ ദുരവസ്ഥകൾക്കും പരിഹാരം നൽകുന്ന വിധികർമ്മങ്ങൾ ഇതിലുണ്ട്. പക്ഷേ ഈ കുറുപ്പടികൊണ്ടുമാത്രം രോഗം മാറുമോ? മാറുമെന്നാണു പലരുടെയും ധാരണ. വാതരോഗത്താൽ നടക്കാൻ കഴിയാതിരിക്കുന്ന വല്യമ്മച്ചിയെ രാവിലെയും വൈകിട്ടും കഷായത്തിന്റെ കുറുപ്പടി വായിച്ചു കേൾപ്പിച്ചാൽ വാതം മാറുമോ? കുറുപ്പടി തലയണക്കടിയിൽ വച്ചാൽ വാതം മാറുമോ? ഇല്ലേയില്ല! ഈ കുറുപ്പടി വായന പോലെ രാവിലെയും വൈകിട്ടും ഓരോ അധ്യായം വീതം വായിച്ചാൽ ക്രിസ്തീയ ജീവിതത്തിനാവശ്യമായ എല്ലാമായെന്നാണു പലരും വിചാരിക്കുന്നത്. രോഗം മാറില്ല, ക്ഷീണം മാറില്ല എന്നാൽ ഈ കുറുപ്പടിയനുസരിച്ചുള്ള മരുന്നുകൾ വാങ്ങി ഇടിച്ചുപൊടിച്ച് തിളപ്പിച്ച് ക്രമമായി പഥ്യത്തോടുകൂടി കഴിക്കുന്നവർക്ക് സൗഖ്യമുണ്ടാകും.

വചനം രുചിക്കണം:- വി. യോഹന്നാൻ ശ്ലീഹ സാക്ഷിക്കുന്നത് ഇപ്രകാരമാണ് "ഞങ്ങൾ കണ്ടതും ഞങ്ങൾ കേട്ടതും രുചിച്ചതുമായുള്ള ജീവന്റെ വചനമാണ്" തിരുവചനം. വചനം പുറമേ കയ്ച്ചാലും അകമെ മധുരിക്കുന്നതാണ്. "തിരുവചനം എന്റെ അണ്ണാക്കിന് എത്ര മധുരം" എന്നു സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നു. കഷായം കഴിക്കാനാഗ്രഹിക്കുന്നവർ-ശരിയായ ക്രിസ്തീയ ജീവിതം നയിക്കുവാനാഗ്രഹിക്കുന്നവർ-അവശ്യം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

### വഴിവക്കിലെ കച്ചവടം

ഇന്നു സ്ഥിരം കാണാറുള്ള ഒരു കാഴ്ചയാണ് വഴിയോര കഷായക്കച്ചവടം, ആയിരം മരുന്നുകളുടെ പേരുകൾ-നൂറുവാക്യങ്ങൾ-ഒറ്റശ്വാസത്തിൽ പറയുന്ന വിദഗ്ധന്മാർ-ജനങ്ങളുടെ കൺമുന്നിൽ പാകം ചെയ്യുന്നു-ലോകത്തുള്ള എല്ലാ അങ്ങാടിക്കടകളേയും അടച്ചാക്ഷേപിക്കുന്നു. അതിപുരാതനമായ ആര്യവൈദ്യശാലയെപ്പോലും അധിക്ഷേപിക്കുന്നു-പാരമ്പര്യത്തെ പരമാവധി പരിഹസിക്കുന്നു-സാമ്പിൾ മരുന്നുകൾ സൗജന്യം-സൗഖ്യം ഉടൻ-പന്തലിൽത്തന്നെ സുഖം-കുടിയാൽ നാലു ദിവസം! സൗജന്യവില!

### പക്ഷേ ഒരു യാഥാർത്ഥ്യം

അങ്ങാടി മരുന്നുകൾ അങ്ങാടിക്കടയിൽനിന്നുതന്നെ വാങ്ങണം, അതും അംഗീകൃത കടകളിൽ നിന്നും, വൈദ്യം അറിയാവുന്നവരിൽ നിന്നും വാങ്ങണം. അല്ലെങ്കിൽ കുറുന്തോട്ടി വേരിനു പകരം നറുനീണ്ടിവേരാകും ലഭിക്കുക. ഫലം എന്താവാം? വചനം വേണ്ടതുപോലെ പഠിച്ചവനിൽ നിന്നും വചനം ശ്രവിക്കണം. വ്യാജരേഖകളുമായി വ്യാജവൈദ്യന്മാർ ധാരാളം ഉള്ള കാലമാണിത്. അവർ പോലീസിന്റെ പിടിയിലാവുന്നതിനു മുമ്പുതന്നെ അവർ പലരെയും മരണത്തിന്റെ പിടിയിലാക്കിയിട്ടുണ്ടാവും! അപ്പോ. പ്രവൃത്തി. 19-ാം അദ്ധ്യായം 13-ാം വാക്യം മുതൽ വായിക്കുന്നത് ഉചിതമായിരിക്കും.

മനക്കരുത്തുള്ളവനെ റൈഫിൾ കാട്ടിയും മനക്കരുത്തില്ലാത്തവനെ ബൈബിൾ കാട്ടിയും ഭീഷണിപ്പെടുത്താം. ദൈവവചനം ശാന്തി തരുന്നതാണ്. അതു ഭീഷണിയുടേതല്ല. വചനം അർഹരിൽ നിന്നു ശ്രവിക്കണം. അതിന്റെ സൗഖ്യം മായാജാലത്തിലധിഷ്ഠിതമല്ല. മറിച്ച് കഷായം പോലെ ഉള്ളിൽ സ്ഥിരവും ശാശ്വതവുമായ സൗഖ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതാണ്.

### കഷായത്തിനു പഥ്യമുണ്ട്

ചികിത്സയ്ക്കു പഥ്യം എന്നും ഔഷധമെന്നും രണ്ട് അംശങ്ങൾ ഉണ്ട്. പഥ്യമെന്നത് പ്രധാനമായും രോഗത്തിന്റെ സാഹചര്യത്തെ ഒഴിവാക്കി ആരോഗ്യത്തിന്റെ സാഹചര്യത്തെ ഉളവാക്കുന്നതാണ്. അത് ഔഷധത്തിന്റെ പ്രവർത്തനത്തെ സഹായിക്കുകയും സുഗമമാക്കുകയും ചെയ്യുന്നു. ചില രോഗ ശമത്തിനു പഥ്യം മാത്രം മതിയാകും, ചിലതിനു പഥ്യവും മരുന്നും ആവശ്യമാണ്. അതായത് കഷായം കുടിക്കുന്നതിനു മുമ്പ് ഉപയോഗിച്ചിരുന്നതിൽ ചില കാര്യങ്ങൾ കഷായം കുടിച്ചു തുടങ്ങിയ ശേഷം വർജ്ജിക്കേണ്ടതുണ്ട്.

പഥ്യമില്ലാതെ കഴിക്കാവുന്ന കഷായങ്ങൾ ധാരാളം ഉണ്ട്. പക്ഷേ ആത്മാർത്ഥതയും അറിവുമുള്ളവരായ



വൈദ്യന്മാർ ആരും പഥ്യമില്ലാത്ത കഷായം നിർദ്ദേശിക്കുകയില്ല. ക്രിസ്തീയ ജീവിതത്തിലെ ചില പഥ്യങ്ങൾ ഉണ്ട്. നോമ്പുകൾ, ഉപവാസങ്ങൾ, പ്രാർത്ഥനകൾ, ആചാരാനുഷ്ഠാനങ്ങൾ ഇവയൊക്കെ ആത്മീയ ജീവിതത്തിന്റെ മൂല്യവും വീര്യവും വർധിപ്പിക്കുന്നു. സ്ഥിരമായ സൗഖ്യത്തിലേക്കു നയിക്കുന്നു. പഥ്യമില്ലാതെ- നോമ്പും ഉപവാസവും, ആത്മീയ ആചാരാനുഷ്ഠാനങ്ങളുമില്ലാതെ കഴിക്കാവുന്ന കഷായത്തിന്റെ മിഥ്യാത്വം മനസ്സിലാക്കുക.

### കഷായം കുടിക്കുമ്പോൾ മറ്റു മരുന്നുകൾ ഉപയോഗിക്കരുത്

കഷായം കുടിക്കുമ്പോൾ മറ്റു മരുന്നുകൾ ഉപയോഗിച്ചാൽ രണ്ടിന്റേയും ഗുണം ലഭിക്കുന്നില്ലെന്നു മാത്രമല്ല രോഗിക്കു പ്രയാസങ്ങൾ ഉണ്ടായെന്നും വരാം. കഷായം കുടിക്കുന്നതിനിടയിൽ മറ്റു മരുന്നുകൾ ഉപയോഗിക്കാൻ പലരും പ്രേരിപ്പിച്ചേക്കാം, പ്രലോഭനങ്ങൾ ഉണ്ടായേക്കാം, ശ്രദ്ധിക്കുക 'സ്ഥിതി' വഷളാകുമ്പോൾ പഴയ കഷായത്തിൽതന്നെ ആശ്രയിക്കേണ്ടിവരും.

### കഷായത്തിനു പാർശ്വഫലങ്ങളില്ല

ആധുനിക മരുന്നുകൾ കുത്തിവയ്ക്കുന്നതിനു മുമ്പ് അത് രോഗിയുടെ ശരീരവുമായി യോജിക്കുമോ എന്നു പരിശോധിക്കേണ്ടതായുണ്ട്. ഈ പരിശോധന ഇല്ലാതെ പുതിയ മരുന്നുകൾ കുത്തിവച്ചാൽ വിറയലും മറ്റ് അപസ്മാര ലക്ഷണങ്ങളും രോഗി പ്രകടിപ്പിച്ചെന്നു വരാം. അതിനെ സൗഖ്യലക്ഷണമായി-അനുഗ്രഹപ്രകടനങ്ങളായി-കാണുന്നതു സാഹസമാണ്. കഷായം കുടിക്കുന്നവർ ശാന്തരായിരിക്കും-മിണ്ടാതിരുന്ന് ദൈവത്തെ അറിയുന്നവരായിരിക്കും

### രോഗം എന്നാൽ എന്ത്?

ശരീരത്തിന്റെ ഓരോ തരത്തിലുള്ള സ്ഥിതികളും ഗതികളുമാണല്ലോ രോഗവും സൗഖ്യവും. ഉണ്ണുന്നതും ഉറങ്ങുന്നതും കിടക്കുന്നതും നടക്കുന്നതും വിചാരിക്കുന്നതും വിഷമിക്കുന്നതും, സങ്കടപ്പെടുന്നതും എല്ലാം ഉൾപ്പെടുന്നതാണു ജീവിതം. അത് എല്ലാ വിധത്തിലും വേണ്ടപോലെ ഇരിക്കുന്നതാണ് ആരോഗ്യം. അജ്ഞതകൊണ്ടോ അത്യാസക്തികൊണ്ടോ ഈ അവസ്ഥയ്ക്കു വിഘാതം വരുമ്പോൾ ഉണ്ടാകുന്ന അവസ്ഥയാണു രോഗാവസ്ഥ. വിശദമായി പറഞ്ഞാൽ - ഇന്ദ്രിയങ്ങൾ കൊണ്ടനുഭവിക്കപ്പെടുന്ന ആഹാരം മുതലായ സംഗതികളിൽ ശ്രദ്ധിക്കാതെ, കാലാവസ്ഥാ വ്യത്യാസങ്ങളിൽ മനസ്സിരുത്താതെ സാഹചര്യങ്ങളുടേയും പരിസരങ്ങളുടേയും പരിശുദ്ധിയെ പരിപാലിക്കാതെ, സദാചാരത്തിൽ നിഷ്ഠയില്ലാതെയുള്ള ജീവിതം കൊണ്ട് ദോഷങ്ങൾക്ക് (ശരീരത്തിന്റെ സംതുലനാവസ്ഥയ്ക്കു മുഖാന്തിരമായ ദ്രവ്യങ്ങൾ, വിഷമമുണ്ടാകുകയും അവയുടെ നിയന്ത്രണത്തിലുള്ള പ്രക്രിയകൾക്കു വൈകല്യം വരുകയും ചെയ്യുന്നതു കൊണ്ട് അനുഭവപ്പെടുന്ന അവസ്ഥയാണു രോഗം-രോഗങ്ങളെ അതിന്റെ കാരണഹേതു പ്രകാരം, അഗന്തു (പുറമെ നിന്ന് വിഷമോ, വായുവോ, തീയോ, മറ്റോ ഏറ്റും; അടിയോ, ഇടിയോ, തട്ടോ, മുട്ടോ വീഴ്ചയോ പരുക്കോ മറ്റും ഏറ്റും; ശാപമോ ആഭിചാരമോ, സാംക്രമിക രീതിയിലോ ഉള്ളവ) ശാരീരം (അപഥ്യമായ ആഹാരവും വിഹാരവും കൊണ്ടുണ്ടാകുന്നത്) മാനസം (ശോകം, ക്രോധം, ഭയം, സന്തോഷം, വിഷാദം, ഈർഷ്യ, മാത്സര്യം, കാമം ലോഭം മുതലായവ കൊണ്ടുണ്ടാകുന്നത്) സ്വാഭാവികം (വിശപ്പ്, ദാഹം, വാർധക്യം തുടങ്ങിയവ) എന്ന് നാലു തരത്തിൽ വിഭജിച്ചിരിക്കുന്നു.

ഇത്രയേറെ കാരണങ്ങൾ രോഗത്തിനു നിദാനമായിട്ടുള്ളപ്പോൾ അതിന്റെ കാര്യകാരണ മൂലങ്ങൾ തേടാതെ അഥവാ നശിപ്പിക്കാതെ-ഉപേക്ഷിക്കാതെ-ഏറ്റുപറയാതെ-ആധുനിക "ഒറ്റമൂലികൾ" നൽകുന്ന കപടവൈദ്യന്മാരെ തിരിച്ചറിയേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു.

### ആരാണു വൈദ്യൻ?

പാപവും രോഗവും തമ്മിലുള്ള ബന്ധം വി. വേദപുസ്തകത്തിൽ വളരെ പ്രസക്തമാണ്. പാപമോചനത്തിനുള്ള അധികാരം ദൈവത്തിനും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പുരോഹിതസ്ഥാനികൾക്കും മാത്രമാണ്. വിധിപ്രകാരം കർമ്മം ചെയ്യാത്തവൻ വൈദ്യനല്ലാത്തതുപോലെ, വേദപ്രകാരം കർമ്മം ചെയ്യാത്തവൻ വൈദീകനുമല്ല. കൈവയ്പില്ലാത്ത 'കർമ്മചാരികൾ' കാലഘട്ടത്തിന്റെതന്നെ ഭീഷണിയും ശാപവുമായിത്തീർന്നിരിക്കുന്നു. 'മഹാപുരോഹിതനായ യേശുവിനെ 'യേശു ഉപദേശിയാക്കി മാറ്റുന്ന നവീന സുവിശേഷകർ യാഥാർത്ഥ്യം മനസ്സിലാക്കിയിരുന്നെങ്കിൽ!

❖

**Form IV**
**Malankara Sabha**

| | | |
|---|---|---|
| Place of Publication | : | Kottayam |
| Periodicity | : | Monthly |
| Printer | : | Fr. T.A.Edayadi |
| Whether Citizen of India | : | Yes |
| Address | : | Catholicate Aramana, Kottayam |
| Publisher | : | Fr. T.A. Edayadi |
| Address | : | Item No.5 |
| Editor | : | Fr. Dr. M. John Panicker |
| Whether Citizen of India | : | Yes |
| Address | : | P.O. Box 98, Kottayam-1 |
| Name&Address of the owner | : | Orthodox Viswasa Paripalana Samithy Devalokam, Kottayam-38 |

I, Fr. T.A. Edayadi here by declare that the particulars given above are true to the best of my knowledge and belief.

03.03.2004 Fr. T.A. Edayadi

# മരുഭൂമിയിലെ നീരുറവ

## (സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ)

## (Year 2004)

1975 സെപ്റ്റംബർ 12–ാം തീയതി അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ സ്ഥാപിതമായ ഈ കോൺഗ്രിഗേഷൻ പതിവുപോലെ 2004–ലും താഴെ പറയുന്ന ജീവകാരുണ്യ ധനസഹായങ്ങൾക്ക് അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ചികിത്സാസഹായത്തിന് ജാതിമത ഭേദമന്യേ ആർക്കും അപേക്ഷിക്കാം. മറ്റു സഹായങ്ങൾ സഭാംഗങ്ങൾക്കു മാത്രം നൽകുന്നു.

1. **ചികിത്സാ ധനസഹായം:** മാരക രോഗങ്ങൾ ബാധിച്ച് നിരാലംബരും സാധുക്കളുമായ രോഗികൾക്കു പരിമിതമായ ധനസഹായം നൽകുന്നു. ഇടവക വികാരിയുടെ ശുപാർശയും രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തികൊണ്ടുള്ള ചികിത്സിക്കുന്ന ഡോക്ടറുടെ സമീപകാലത്തുള്ള സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഓർത്തഡോക്സ് സഭാംഗങ്ങളല്ലാത്തവർ സമീപത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെ ശുപാർശയോടുകൂടി അപേക്ഷ അയച്ചിരിക്കണം. കൂടാതെ കങ്ങഴ, പരുമല, ശാസ്താംകോട്ട, കാര്യംപാടി (കണ്ണാശുപത്രി) ഇടുക്കി എന്നീ സ്ഥലങ്ങളിലെ സഭാവക മിഷൻ ആശുപത്രികൾ വഴിയായും സാധുക്കളായ രോഗികളെ സഹായിച്ചുവരുന്നു.

2. **വിവാഹ ധനസഹായം:** സാമ്പത്തീക പരാധീനതമൂലം വിവാഹം നടത്തുവാൻ ബുദ്ധിമുട്ടുന്ന കുടുംബങ്ങളിലെ 35 പെൺകുട്ടികളുടെ വിവാഹത്തിന് 15,000 രൂപ വീതം നൽകുന്നു. ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും ശുപാർശയോടുകൂടി അപേക്ഷ അയച്ചിരിക്കണം. അർഹരായവർക്ക് ദേശക്കുറിയുടെ അല്ലെങ്കിൽ വിളിച്ചുചൊല്ലലിന്റെ കോപ്പി കിട്ടിയതിനു ശേഷമേ ധനസഹായം നൽകുകയുള്ളു. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു മുൻഗണന നൽകുന്നു.

3. **ജീവസന്ധാരണ ധനസഹായം:** അംഗവൈകല്യം സംഭവിച്ച അശരണർക്കും, തയ്യൽ തുടങ്ങിയ തൊഴിൽ പരിശീലനം നേടിയിട്ടുള്ള നിർദ്ധനർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിമിതമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും ശുപാർശയോടു കൂടി അപേക്ഷിക്കുക.

4. **വിദ്യാഭ്യാസ ധനസഹായം:** നിർധനരരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്കു plus 2 നു ശേഷമുള്ള വിദ്യാഭ്യാസത്തിനോ, സ്ക്കൂൾ ഫൈനൽ കഴിഞ്ഞ് Technical Education ന് പോകുന്നതിനോ ധനസഹായം നൽകുന്നു. ഫൈനൽ പരീക്ഷയുടെ മാർക്കുലിസ്റ്റും കോഴ്സു സർട്ടിഫിക്കറ്റും (ഇടവക വികാരി അറ്റസ്റ്റു ചെയ്ത കോപ്പി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 2004 ആഗസ്റ്റ് 30–ന് മുമ്പ് കിട്ടിയിരിക്കണം.

5. **ഭവന നിർമ്മാണ ധനസഹായം:** ചെങ്ങന്നൂർ, മാവേലിക്കര, തൃശൂർ എന്നീ ഭദ്രാസനങ്ങളിൽ ഉൾപ്പെട്ട ഭവനരഹിതരായ ഓരോ വ്യക്തികൾക്ക് ഭവനനിർമ്മാണ സഹായമായി 40,000 രൂപാ നൽകുന്നു. സഹായം ലഭിച്ചാൽ പണിയുടെ പൂർണ്ണ ചുമതല ഏറ്റെടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും, അപേക്ഷകന് സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിന്റെ തെളിവും ചേർത്ത അപേക്ഷകൾ 2004 മേയ് 31–ന് മുമ്പ് കിട്ടിയിരിക്കണം.

6. **Medical Camp:** കങ്ങഴ Medical Mission ആശുപത്രിക്കു 80 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളിലെ ഏതെങ്കിലും ഇടവകയുടെയോ അവിടുത്തെ ആത്മീക പ്രസ്ഥാനങ്ങളുടേയോ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് വേണ്ട സഹായങ്ങൾ STOC ചെയ്തുകൊടുക്കുന്നു. അനാഥാലയങ്ങളുടെ നേതൃത്വത്തിൽ അതിനോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിലുള്ളവർക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ Medical Camp നടത്തുന്ന പക്ഷം അതിനു മുൻഗണന നൽകുന്നതാണ്. അപേക്ഷകൾ 2004 മെയ് 31-ന് മുമ്പ് കിട്ടിയിരിക്കണം.

### നിർദ്ദേശങ്ങൾ

1) അപേക്ഷാഫോറവും മറ്റു നിബന്ധനകളും മലങ്കരസഭയുടെ ഈ ലക്കത്തിൽ നിന്നോ STOC office -ൽ നിന്നോ ലഭിക്കുന്നതാണ്. 2) ഇതിൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളെല്ലാം അപേക്ഷയോടൊപ്പം ഉണ്ടാവണം. 3) അപൂർണ്ണവും, ആവശ്യപ്പെട്ടിട്ടുള്ള രേഖകളില്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

### അപേക്ഷ ശുപാർശ ചെയ്യുന്ന ബഹു. വികാരിമാരുടെ ശ്രദ്ധയ്ക്ക്:

അപേക്ഷകൾ സസൂഷ്മം പരിശോധിച്ച് ആവശ്യപ്പെട്ടിരിക്കുന്ന രേഖകളെല്ലാം ഉണ്ടോ എന്നും, അപേക്ഷകന്റെ ഭൂസ്വത്ത്, വരുമാനം, വയസ്സ്, ആശ്രിതരുടെ വിവരങ്ങൾ എന്നിവ വിശ്വസനീയമാണോ എന്നും പരിശോധിച്ച് അർഹതയുള്ളവ മാത്രം അയക്കണമെന്നു താൽപര്യപ്പെടുന്നു. Letterhead-ൽ എഴുതിയ ശുപാർശയിൽ പള്ളി സീലും, ചികിത്സാവിദ്യാഭ്യാസ ധനസഹായം ഒഴികെയുള്ളതിന് ഇടവക മാനേജിംഗ് കമ്മറ്റി അംഗങ്ങളിൽ മൂന്നിൽ രണ്ടു അംഗങ്ങളുടെയെങ്കിലും ഒപ്പും ഉണ്ടായിരിക്കണം.

# മരുഭൂമിയിലെ നീരുറവ

## ധനസഹായ അപേക്ഷാഫോറം

ഏതു തരത്തിലുള്ള സഹായത്തിന് അപേക്ഷിക്കുന്നു ..............................

പേര്:.............................................. വയസ്സ്:..............................

വിദ്യാഭ്യാസ യോഗ്യത:.............................................. തൊഴിൽ: ..............................

മേൽവിലാസം (പിൻകോഡ് സഹിതം): ..............................

..............................................................................

ഇടവക.............................................. ഭദ്രാസനം: ..............................

പ്രതിമാസ വരുമാനം:.............................................. ഭൂസ്വത്ത് വിവരം: ..............................

ഇടവകയിലെ ആദ്ധ്യാത്മീക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിവരം: ..............................

ഇതിനു മുമ്പ് ഇവിടേക്ക് അപേക്ഷിച്ചിട്ടുണ്ടോ? ..............................

കോൺഗ്രിഗേഷനിൽ നിന്നും ഇതിനു മുമ്പ് ധനസഹായം ലഭിച്ചിട്ടുണ്ടോ? ..............................

ഉണ്ടെങ്കിൽ:- വർഷം.................... എന്താവശ്യത്തിന്?.............................. എന്തു തുക ലഭിച്ചു? ....................

ഇതേ ആവശ്യത്തിന് മറ്റു സ്ഥലങ്ങളിലേക്ക് അപേക്ഷ അയച്ചിട്ടുണ്ടോ?

ഉണ്ടെങ്കിൽ:- വർഷം.............................. എവിടേക്ക്..............................

കുടുംബാംഗങ്ങളുടെ/ആശ്രിതരുടെ പൂർണ്ണവിവരം:

| പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ്സ് | തൊഴിൽ | പ്രതിമാസ വരുമാനം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

പരിഗണനാർഹമായ മറ്റു പരാധീനതകൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം എഴുതുക.

തീയതി..............................

അപേക്ഷകന്റെ ഒപ്പ്:

എല്ലാ അപേക്ഷയോടൊപ്പവും ഇടവക വികാരിയുടെ ശുപാർശയും, ഒപ്പും, പേരും പൂർണ്ണമായും മേൽവിലാസവും, പള്ളിയുടെ സീലും ഉണ്ടായിരിക്കണം.

### അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

1. മുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമായും എഴുതി, വേണ്ട രേഖകളും, ശുപാർശയും സഹിതം സാധാരണ തപാലിൽ **"STOC Office, Basil Jubilee Centre, Bathani Aramana, Tiruvalla, Kerala. - PIN-689 101".** എന്ന വിലാസത്തിൽ മാത്രം അയയ്ക്കുക. അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസവും, പിൻകോഡും എഴുതുവാൻ മറക്കരുത്. അപൂർണ്ണമായതും, രേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
2. വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ, മാരകരോഗങ്ങൾ ബാധിച്ചവർ, ഇടവകയിലെ ആദ്ധ്യാത്മീക സംഘടനകളിൽ പ്രവർത്തിക്കുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. വിവാഹ ധനസഹായത്തിനും, ജീവസന്ധാരണ ധനസഹായത്തിനും ഒരു ഇടവകയിൽ നിന്നും ഒന്നിൽ കൂടുതൽ അപേക്ഷകൾ പരിഗണിക്കുന്നതല്ല. കൂടുതൽ പരിഗണനാർഹമായവ മാത്രം തെരഞ്ഞെടുത്ത് സഹായം എത്തിക്കുന്നതാണ്.

40th Day of Demise

29-02-2004



**T. C. ABRAHAM**

**Thekkedath, Kangazha**

എന്നിൽ വിശ്വസിച്ചവർ മരിച്ചാലും ജീവിക്കും

**Mrs. Ancy Abrham**
**Aneez Abraham**
**Ajit Abraham**

Pocket A, 103 B
Dilshad Garden, Delhi

## WANTED PRINCIPAL

## ST. THOMAS SCHOOL

Gyan Khand-II, Indirapuram,
Ghaziabad (U.P.)
Ph: 0120-2606159, 2607441

*(A Co-educational Secondary School affiliated with CBSE-15 km from New Delhi)*

Enthusiastic and dedicated person having leadership qualities between 45 to 55 years of age with min. 2nd Class Master Degree & M.Ed or B.Ed having 5 years of experience as Principal of reputed school preferably in North India. Salary as per Govt. norms. Apply within 10 days to The Chariman.

## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 1006705.75- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 11921 ഓപ്പറേഷൻ ആകെ നടത്തിയതിൽ 3809-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 2573 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ ഗിവ്സൈറ്റ് പ്രോജക്ടിലേക്ക് സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

## തിരുവചന മുഖങ്ങൾ

മലങ്കര ഓർത്തഡോക്സ് സഭയിൽ വി. കുർബ്ബാന മദ്ധ്യേ വായിക്കുന്ന വേദഭാഗങ്ങളുടെ (വി. എവൻഗേലിയോൻ മാത്രം) ആഴമേറിയതും സത്യവുമായ വ്യാഖ്യാനം

**പ്രത്യേകതകൾ**

1) 55 ഞായറാഴ്ചകളിലെ വേദഭാഗങ്ങളെക്കുറിച്ച് വിശദമായ വിവരണം
2) ഓരോ വാക്യങ്ങളും പ്രത്യേകമായി വിവരിച്ചിരിക്കുന്നു
3) വേദശാസ്ത്ര അടിസ്ഥാനത്തിലുള്ള വിവരണം
4) വി. കുർബ്ബാന മദ്ധ്യേ ഒരു വർഷം പ്രസംഗിക്കാനുള്ള 275 പ്രസംഗങ്ങൾ
5) ഓരോ വായനക്കാരെയും ക്രിസ്തുവിങ്കലേക്കു അടുപ്പിക്കുന്ന സുവിശേഷ ഗ്രന്ഥം
6) ദേവാലയങ്ങളിലും പ്രാർത്ഥനാ യോഗങ്ങളിലും പ്രാസംഗീകർക്കു ഉപയോഗപ്രദമായ ഗ്രന്ഥം.

*ഗ്രന്ഥകർത്താവ്:*

**ഫാ. റ്റി. എം. കുറിയാക്കോസ്, BCom. BD. M.B.S.**

*പ്രസിദ്ധീകരണം:*

**2004 മാർച്ച് മാസത്തിൽ**

*പ്രസാധകർ:*

**മൗണ്ട് താബോർ പബ്ലിക്കേഷൻ പത്തനാപുരം**

(അഞ്ഞൂറോളം പേജുകൾ നല്ല വെള്ളക്കടലാസിൽ വലിയ അക്ഷരത്തിൽ ഓഫ്സെറ്റ് അച്ചടി)

**മുഖവില - 150**
**പ്രി-പബ്ലിക്കേഷൻ വില - 100**
**പ്രീ-പബ്ലിക്കേഷൻ ഓഫർ- 2004 ഏപ്രിൽ 30 വരെ**

ബുക്കിംഗും, വിതരണവും

സെന്റ് തോമസ് ബുക്ക് ഡിപ്പോ, പത്തനംതിട്ട, 0468 - 2320501
മൗണ്ട് താബോർ ബുക്ക് സെന്റർ പത്തനാപുരം, 0475-2355886

M.O. ആയി അയയ്ക്കുന്നവർ

Fr. T. M. Kuriakose
Mount Tabore Ashram
Pathanapuram P.O.-689695
Kollam, Keralal

മജീഷ്യൻ

## സാമ്രാജിന്റെ

## HYPNO BLAST



- ഏഷ്യാനെറ്റിലെ മാന്ത്രികം എന്ന ജനപ്രീതി നേടിയ ടിവി സീരിയലിലൂടെ സുപരിചിതനായ മജീഷ്യൻ സാമ്രാജ് അവതരിപ്പിക്കുന്ന മാജിക് ഷോ.
- ദേവാലയ അങ്കണത്തിൽ അവതരിപ്പിക്കുവാൻ പറ്റിയ രീതിയിൽ ചിട്ടപ്പെടുത്തിയിരിക്കുന്നു.
- അടുത്ത ദീപാവലി അവധിക്ക് (Oct- Nov) MANGLORE, BANGLORE, PUNE, MUMBAI, GUJARATH, U.P, M.P, A.P എന്നിവിടങ്ങളിൽ പര്യടനം നടത്തുന്നു.
- ധനശേഖരണാർത്ഥം നടത്തുന്ന പ്രോഗ്രാമുകൾക്ക് പ്രത്യേക ഇളവുകൾ.
- 30ൽ പരം കലാപ്രതിഭകൾ രണ്ടരമണിക്കൂർ നേരം അതിമനോഹരമായ രീതിയിൽ അവതരിപ്പിക്കുന്ന SUPER MIRASCOPIC മാജിക് ഷോ.

**SAMRAJ WORLD OF MAGIC**
MAVELIKARA - 690 110, KERALA
Tel: 0479 - 2302231, Fax: 0479 - 2308555
email:magiciansamraj@rediffmail.com

*Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2003-05*

**THE MALANKARA SABHA**, CATHOLICATE OFFICE, KOTTAYAM-686 038

# മൂന്നാം ചരമ വാർഷികം
## 22-03-2004



# ചിന്നമ്മ വറുഗീസ് ഇളങ്കാവിൽ

(Retd. Teacher G.M.H.S. Parathodu)

*"ഓരോരോ വേഗം നാം*
*ചേരേണ്ടിയ 'ആ' തീരത്ത്"*

മരിക്കാത്ത ഓർമ്മകളുമായി ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

**ഭർത്താവ് – ഇ.കെ. വറുഗീസ്, ഇളങ്കാവുങ്കൽ പാറത്തോട്**

| മക്കൾ | മരുമക്കൾ | കൊച്ചുമക്കൾ |
|---|---|---|
| ഷൈല | ജോർജ്ജ്കുട്ടി | വിനീത, സലിൽ, അനൂപ് |
| ഷാജി | ജിജി | ടിഫനി, ടാനിയാ |
| ഷാബു | ഷീല | ഷീന, ഷാനി, ശോഭ |

പരേതയുടെ ആത്മ ശാന്തിക്കുവേണ്ടി 20.03.2004 ശനിയാഴ്ച പനയമ്പാല സെ. മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വി. കുർബ്ബാനയും കബറിങ്കൽ ധൂപ പ്രാർത്ഥനയും. 21.03.04 ഞായറാഴ്ച പാറത്തോട് സെ. ജോർജ്ജ് ഗ്രേസി മെമ്മോറിയൽ പള്ളിയിൽ വി.കുർബ്ബാനയും ഭവനത്തിൽ ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കും.

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT GRAPHICS & CO., MALLAPPALLY. 0469-2784163, 2785522 FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JOHN PANICKER. RS. 7/-